പതിനാറാം കേരളനിയമസഭ

(SIXTEENTH KERALAM LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി VIII

(SUBJECT COMMITTEE VIII)

സാമ്പത്തിക കാര്യങ്ങൾ

(ECONOMIC AFFAIRS)

ആനുകാലിക റിപ്പോർട്ട്

(2026 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31ST MARCH 2026)

[കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്]

[Under Rule 239(1) of the Rules of Procedure and Conduct of Business in the Keralam Legislative Assembly]

2026 ഒക്ടോബർ 16-ാം തീയതി സമർപ്പിച്ചത്

(Presented on October 16th 2026)

കേരളനിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

SECRETARIAT OF THE KERALAM LEGISLATURE
THIRUVANANTHAPURAM
2026

പതിനാറാം കേരളനിയമസഭ

(SIXTEENTH KERALAM LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി VIII

(SUBJECT COMMITTEE VIII)

(സാമ്പത്തിക കാര്യങ്ങൾ)

(ECONOMIC AFFAIRS)

ആനുകാലിക റിപ്പോർട്ട്

(2026 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31ST MARCH, 2026)

[കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്]

[Under Rule 239(1) of the Rules of Procedure and Conduct of Business in the Keralam Legislative Assembly]

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	..	v
അവതാരിക	..	vii
റിപ്പോർട്ട്	..	1
അനുബന്ധം	..	15

സബ്ജക്ട് കമ്മിറ്റി VIII
(സാമ്പത്തിക കാര്യങ്ങൾ)
(2026-2028)

ഘടന

ചെയർപേഴ്സൺ

ശ്രീ. വി. ഡി. സതീശൻ,
മുഖ്യമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ

ശ്രീ. എം. ലിജു,
സഹകരണ - എക്സൈസ് വകുപ്പുമന്ത്രി.

ശ്രീ. ഒ. ജെ. ജനീഷ്,
കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പുമന്ത്രി.

അംഗങ്ങൾ

ശ്രീ. കെ. എൻ. ബാലഗോപാൽ
ശ്രീ. പി. കെ. പ്രവീൺ
ശ്രീ. കെ. പ്രവീൺ കുമാർ
ശ്രീ. കെ. രാജൻ
ശ്രീ. രാജീവ് ചന്ദ്രശേഖർ
ശ്രീ. പി. എം. എ. സമീർ
ശ്രീ. തോമസ് ഉണ്ണിയാടൻ
ശ്രീ. എം. വിൻസെന്റ്

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീമതി ജയശ്രീ എം., ജോയിന്റ് സെക്രട്ടറി

ശ്രീമതി ദീപ എൻ. ജി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി രോഷ്നി ആർ, അണ്ടർ സെക്രട്ടറി

അവതാരിക

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ ചെയർപേഴ്സണായ ഞാൻ സമിതിയുടെ 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള പ്രവർത്തനം സംബന്ധിച്ച ആനുകാലിക റിപ്പോർട്ട് കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരം സമർപ്പിക്കുന്നു.

2026 ജൂൺ 23 ലെ ബുള്ളറ്റിൻ ഭാഗം 2, നമ്പർ 25 പ്രകാരം പതിനാറാം കേരളനിയമസഭയുടെ സബ്ജക്ട് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ) (2026-28) രൂപീകൃതമായി. 2023 ഡിസംബർ 07-ലെ ബുള്ളറ്റിൻ - ഭാഗം 2 നമ്പർ 445 പ്രകാരം 2023-2026 കാലയളവിലേയ്ക്കായി രൂപീകരിച്ച സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിവിധ വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. പ്രസ്തുത കാലയളവിൽ 25.06.2025, 18.09.2025, 10.02.2026, 11.02.2026, 19.02.2026, 23.02.2026 എന്നീ തീയതികളിലായി സമിതി 6 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 2 യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കും 2 യോഗങ്ങൾ ബില്ലുകളുടെ പരിഗണനയ്ക്കും 2 യോഗങ്ങൾ കരട് ചട്ടങ്ങൾ, എസ്.ആർ.ഒ.കൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റുമെന്റുകൾ, കരട് റിപ്പോർട്ടുകൾ എന്നിവയുടെ പരിഗണനയ്ക്കുമായാണ് ചേർന്നത്. ഈ യോഗങ്ങളിൽ ഹാജരായ അംഗങ്ങളുടെ ഹാജർ നില ശരാശരി 55 ശതമാനമായിരുന്നു.

ആറ് അദ്ധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ അദ്ധ്യായം-I ലും സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ അദ്ധ്യായം-II-ലും സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ/എസ്.ആർ.ഒ. കളുടെ വിശദാംശങ്ങൾ അദ്ധ്യായം-III ലും നിയമസഭാ ചട്ടം 235 എ പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ അദ്ധ്യായം IV-ലും നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ അദ്ധ്യായം V-ലും സബ്ജക്ട് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ) -ന്റെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള (2025-26) ആക്ഷൻ ടേക്കൺ റിപ്പോർട്ട്, സബ്ജക്ട് കമ്മിറ്റി XIV (ആഭ്യന്തര കാര്യങ്ങൾ) -ന്റെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള (2025-26) ആക്ഷൻ ടേക്കൺ റിപ്പോർട്ട് (സബ്ജക്ട് കമ്മിറ്റി VIII -ന്റെ പരിഗണനയ്ക്കായി കൈമാറിയിട്ടുള്ളത്) എന്നിവ സംബന്ധിച്ച സംഗ്രഹം, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ അദ്ധ്യായം VI-ലും സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ അദ്ധ്യായം VII-ലും ഉൾപ്പെടുത്തിയിരിക്കുന്നു. യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2026 ഒക്ടോബർ 14-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2026 ഒക്ടോബർ 16

വി ഡി സതീശൻ,
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി VIII.

കരട് റിപ്പോർട്ട്

അദ്ധ്യായം 1

സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ

2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള കാലയളവിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII താഴെപ്പറയും പ്രകാരം ആറ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയുണ്ടായി.

ക്രമ നം.	വിഷയം	സമിതി പരിഗണിച്ച തീയതി	സഭയിൽ സമർപ്പിച്ച തീയതി
1	Report of the Subject Committee on The Abkari (Amendment) Bill, 2026 and the Bill as reported by the Subject Committee	23/02/2026	24/02/2026
2	2026-2027 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ട്	19/02/2026	23/02/2026
3	2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.	18/09/2025	29/09/2025
4	2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്	18/09/2025	29/09/2025
5	Report of the Subject Committee on The Kerala General Sales Tax (Amendment) Bill, 2024 and the Bill as reported by the Subject Committee	18/09/2025	29/09/2025
6	2025 -ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും	18/09/2025	29/09/2025

അദ്ധ്യായം II

സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

1. The Kerala General Sales Tax (Amendment) Bill, 2024

സമിതി 18/09/2025-ൽ ചേർന്ന യോഗത്തിൽ പ്രസ്തുത ബിൽ ഭേദഗതികളോടെ അംഗീകരിക്കുകയും ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 29/09/2025-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ

സമിതി 18/09/2025-ൽ ചേർന്ന യോഗത്തിൽ പ്രസ്തുത ബിൽ ഭേദഗതികളോടെ അംഗീകരിക്കുകയും ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 29/09/2025-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. The Abkari (Amendment) Bill, 2026

സമിതി 23/02/2026-ൽ ചേർന്ന യോഗത്തിൽ പ്രസ്തുത ബിൽ ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 24/02/2026-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

അദ്ധ്യായം III

സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ/എസ്.ആർ.ഒ. കളുടെ വിശദാംശങ്ങൾ

എ) സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ

ക്രമ നം.	കരട് ചട്ടങ്ങളുടെ വിശദാംശം	സമിതി പരിഗണിച്ച തീയതി
(1)	(2)	(3)
1.	കേരള ട്രഷറി കോഡ് വാല്യം 1, ചട്ടം 210(2)(r) ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടം (ഫയൽ നം. KLS/3042/2025-Subc E2) ഗവ. റഫറൻസ് നം. 2435707/എസ്.എൽ-1/29/2023-ധന, തീയതി. 20/02/2025	25/06/2025

ബി) സമിതി പരിഗണിച്ച എസ്.ആർ.ഒ. കൾ

ക്രമ നം.	എസ്.ആർ.ഒ. കളുടെ വിശദാംശം	സമിതി സാധൂകരണം നൽകിയ തീയതി
(1)	(2)	(3)
1.	എസ്.ആർ.ഒ. നം.665/2024 [The Central Sales Tax (Kerala) (Second Amendment) Rules, 2024] (ഫയൽ നം. 14499/സബ്.സി.ഇ2/2024/ലെജി; ഗവ. റഫറൻസ് നം. ബി1/122/2024/റ്റി.ഡി. തീയതി. 14/08/2024 & 22/10/2024	25/06/2025
2	എസ്.ആർ.ഒ. നം.666/2024 [The Kera;a Value Added Tax (Third Amendment) Rules, 2024] (ഫയൽ നം. 14499/സബ്.സി.ഇ2/2024/ലെജി; ഗവ. റഫറൻസ് നം. ബി1/122/2024/റ്റി.ഡി. തീയതി. 14/08/2024 & 22/10/2024	25/06/2025
3	എസ്.ആർ.ഒ. നം.667/2024 [The Kerala General Sales Taxes (Third Amendment) Rules, 2024] (ഫയൽ നം. 14499/സബ്.സി.ഇ2/2024/ലെജി; ഗവ. റഫറൻസ് നം. ബി1/122/2024/റ്റി.ഡി. തീയതി. 14/08/2024 & 22/10/2024	25/06/2025
4	എസ്.ആർ.ഒ. നം.994/2024 [The Kerala Goods and Services Tax (Third Amendment) Rules, 2024] (ഫയൽ നം. 19944/സബ്.സി.ഇ2/2024/ലെജി; KLS/1923/2025-Subc E2) ഗവ. റഫറൻസ് നം. ബി1/200/2024/റ്റി.ഡി. തീയതി. 25/11/2024 & 06/02/2025	25/06/2025
5	എസ്.ആർ.ഒ. നം.836/2024 [The Kerala Goods and Services Tax (Second Amendment) Rules, 2024] (ഫയൽ നം. 17693/സബ്.സി.ഇ2/2024/ലെജി; KLS/813/2025-Subc E2) ഗവ. റഫറൻസ് നം. ബി1/137/2024/റ്റി.ഡി. തീയതി. 16/10/2024 & 06/02/2025	25/06/2025
6	എസ്.ആർ.ഒ. നം. 463/2025 [The Kerala Goods and Services Tax (Second Amendment) Rules, 2025] (ഫയൽ നം. KLS/4259/2025-Subc E2) ഗവ. റഫറൻസ് നം. ബി1/137/2024/റ്റി.ഡി. തീയതി. 16/10/2024 & 06/02/2025	25/06/2025
7	എസ്.ആർ.ഒ. നം. 362/2025 [The Kerala General Taxes (Amendment)	25/06/2025

	Rules, 2025] (ഫയൽ നം. KLS/4024/2025-Subc E2) ഗവ. റഫറൻസ് നം. ബി1/68/2025/റ്റി.ഡി. തീയതി. 23/04/2025 & 15/05/2025	
8	എസ്.ആർ.ഒ. നം. 304/2025 [The Kerala Goods and Services Tax (Amendment) Rules, 2025] (ഫയൽ നം. KLS/3794/2025-Subc E2) ഗവ. റഫറൻസ് നം. ബി1/55/2025/റ്റി.ഡി. തീയതി. 10/04/2025 & 02/05/2025	25/06/2025
9	എസ്.ആർ.ഒ. നം. 364/2025 [The Kerala Amnesty Rules, 2025] (ഫയൽ നം. KLS/4031/2025-Subc E2) ഗവ. റഫറൻസ് നം. ബി1/67/2025/റ്റി.ഡി. തീയതി. 23/04/2025	25/06/2025
10	എസ്.ആർ.ഒ. നം. 130/2025 [The Kerala Chit Funds (Amendment) Rules, 2025] (ഫയൽ നം. KLS/3012/2025-Subc E2) ഗവ. റഫറൻസ് നം. സി3/210/2023-നി.വ, തീയതി. 03/03/2025	25/06/2025
11	എസ്.ആർ.ഒ. നം. 361/2025 [The Foreign Liquor (Third Amendment) Rules, 2025] (ഫയൽ നം. KLS/3411/2025-Subc E2) ഗവ. റഫറൻസ് നം. ജി1/42/2024-നികുതി, തീയതി. 04/04/2025 & 13/05/2025	25/06/2025
12	എസ്.ആർ.ഒ. നം. 231/2025 [The Foreign Liquor (Second Amendment) Rules, 2025] (ഫയൽ നം. KLS/3057/2025-Subc E2) ഗവ. റഫറൻസ് നം. ജി1/202/2024-നികുതി, തീയതി. 10/03/2025 & 13/05/2025	25/06/2025

അദ്ധ്യായം IV

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം "സംസ്ഥാനത്തെ ലഹരി വിമോചന പദ്ധതികൾ - കാര്യക്ഷമമാക്കൽ" എന്ന വിഷയത്തിൽ 25/06/2025 ൽ ചേർന്ന യോഗത്തിൽ സമിതി ചർച്ച നടത്തി

(ഫയൽ നം. 18534/സബ്.സി.ഇ2/2024/ലെജി)

(ഗവ. റഫ. നം. ജി1/112/2025-നികുതി, തീയതി. 03.06.2025)

അദ്ധ്യായം V

നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ.

ക്രമ നമ്പർ	റിപ്പോർട്ട്	ധനാഭ്യർത്ഥന നമ്പർ	വകുപ്പ്/സ്ഥാപനം	സഭയിൽ സമർപ്പിച്ച തീയതി
(1)	(2)	(3)	(4)	(5)
1	2021-22 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട് (കാലതാമസപത്രിക സഹിതം)	V – ചരക്ക സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും	ചരക്ക് സേവന നികുതി വകുപ്പ്	06/10/2025
2	”	V – ചരക്ക സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും	ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ (ഗിഫ്റ്റ്)	06/10/2025
3	2022-23 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട് (കാലതാമസപത്രിക സഹിതം)	V – ചരക്ക സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും	ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ (ഗിഫ്റ്റ്)	06/10/2025
4	2023-24 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട് (കാലതാമസപത്രിക സഹിതം)	X – ട്രഷറികളും അക്കൗണ്ടുകളും XI – ജില്ലാ ഭരണവും പലവകയും XVI – പെൻഷനും പലവകയും XLIII – നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും XLV – പലവക വായ്പകളും മുൻകൂറുകളും XLVI – സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും	ധനകാര്യ വകുപ്പ്	06/10/2025
5	2024-25 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട്	V – ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും	ചരക്ക സേവന നികുതി വകുപ്പ്	06/10/2025

6	”	V – ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും	ഊർജ്ജ വകുപ്പ് (ഇലക്ട്രിക്കൽ ഇൻ സ്പക്ടറേറ്റ്)	06/10/2025
7	”	VII – മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും	രജിസ്ട്രേഷൻ വകുപ്പ്	06/10/2025
8	”	VIII – എക്സൈസ്	നികുതി വകുപ്പ്	06/10/2025
9	”	XI – ജില്ലാ ഭരണവും പലവകയും	ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് റവന്യൂ (എഫ്) വകുപ്പ്	06/10/2025
10	”	XVI – പെൻഷനും പലവകയും	പൊതുഭരണ പ്രോട്ടോക്കോൾ വകുപ്പ്	06/10/2025
11	”	XVI – പെൻഷനും പലവകയും	പൊതുഭരണ(രഹസ്യ) വിഭാഗം വകുപ്പ് (2075-00-104-99-ജീവൻരക്ഷാ പതക്കങ്ങൾ)	06/10/2025
12	”	XVI – പെൻഷനും പലവകയും	പൊതുഭരണ (രഹസ്യ) വിഭാഗം വകുപ്പ് (2075-00-104-95-00-34-03-കേരള അവാർഡ്സ് - NV)	06/10/2025
13	”	XVI – പെൻഷനും പലവകയും	കേരള സ്റ്റേറ്റ് വഖഫ് ബോർഡ്	06/10/2025
14	”	XVI – പെൻഷനും പലവകയും	കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി	06/10/2025
15	”	XLV – പലവക വായ്പകളും മുൻ കൂറുകളും	പൊതുഭരണ (എ.ഐ.എസ്.-സി) വകുപ്പ്	06/10/2025

16	”	XXVIII – പലവക സാമ്പത്തിക സർവ്വീസുകൾ	സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് (സെൻസസ് സർവ്വേയും സ്ഥിതി വിവരക്കണക്കുകളും)	06/10/2025
17	”	XVI – പെൻഷനും പലവകയും	സൈനികക്ഷേമ വകുപ്പ് (കാലതാമസ പത്രിക സഹിതം	03/02/2026
18	”	XVI – പെൻഷനും പലവകയും	കായിക യുവജനകാര്യ വകുപ്പ് (രാജീവ്ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജി) (കാലതാമസപത്രിക സഹിതം)	03/02/2026

അദ്ധ്യായം VI

എ) 2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

(ഫയൽ സം. KLS/3020/2025-Sub C E2)

റിപ്പോർട്ട്	**ആകെ ശിപാർശകൾ**	**നടപടി പത്രിക ലഭിച്ച ഖണ്ഡികകളും ലഭ്യമാക്കിയ വകുപ്പുകളും**	**നടപടിപത്രിക ലഭ്യമാക്കാത്ത ഖണ്ഡികകളും ബന്ധപ്പെട്ട വകുപ്പുകളും**
ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2025-26)	63	ഖണ്ഡിക നമ്പർ 16, 17, 18-28, 32-39 (നികുതി) ഖണ്ഡിക നമ്പർ 30, 31, 40 (ധനകാര്യം) ഖണ്ഡിക നമ്പർ 43 (റവന്യൂ) ഖണ്ഡിക നമ്പർ 44 (സൈനികക്ഷേമം) ഖണ്ഡിക നമ്പർ 45-55 (ആസൂത്രണ സാമ്പത്തിക കാര്യം)	ഖണ്ഡിക നമ്പർ 1-11, 56 (നികുതി) ഖണ്ഡിക നമ്പർ 12-15 (ഊർജ്ജം) ഖണ്ഡിക നമ്പർ 29, 57-63 (ധനകാര്യം) ഖണ്ഡിക നമ്പർ 41 (കായിക യുവജനകാര്യം) ഖണ്ഡിക നമ്പർ 42 (പൊതുഭരണ(ന്യൂനപക്ഷക്ഷേമം)

ബി) സബ്ജക്ട് കമ്മിറ്റി XIV (ആഭ്യന്തര കാര്യങ്ങൾ) യുടെ 2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം (സബ്ജക്ട് കമ്മിറ്റി VIII ലേയ്ക്ക് കൈമാറി ലഭിച്ചത്)

(ഫയൽ സം. KLS/4386/2026-Sub C E2)

റിപ്പോർട്ട്	ആകെ ശിപാർശകൾ (സബ്ജക്ട് കമ്മിറ്റി VIII -മായി ബന്ധപ്പെട്ടത്)	നടപടി പത്രിക ലഭിച്ച ഖണ്ഡികകളും ലഭ്യമാക്കിയ വകുപ്പുകളും	നടപടിപത്രിക ലഭ്യമാക്കാത്ത ഖണ്ഡികകളും ബന്ധപ്പെട്ട വകുപ്പുകളും
ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2025-26)	101	ഖണ്ഡിക നമ്പർ 1, 2, 3, 4, 5, 6, 7, 8, 10, 11, 15, 16 (പൊതുഭരണ വകുപ്പ്) ഖണ്ഡിക നമ്പർ 9, 17, 33 മുതൽ 35 വരെ, 38,39,46,49,69,103 (നിയമ (പാർല) വകുപ്പ്) ഖണ്ഡിക നമ്പർ 18, 23, 24, 144, 145 (പദ്ധതി നിർവഹണ വിലയിരുത്തൽ-നിരീക്ഷണ വകുപ്പ്) ഖണ്ഡിക നമ്പർ 19, 141, 142, 143 (ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്) ഖണ്ഡിക നമ്പർ 41, 42, 104, 105 (ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്) ഖണ്ഡിക നമ്പർ 51, 52, 53 (ഇലക്ഷൻ (അക്കൗണ്ട്സ്) വകുപ്പ് ഖണ്ഡിക 97 മുതൽ 99 വരെ (പൊതുസംഭരണ ഉപദേശകാര്യ വകുപ്പ്) ഖണ്ഡിക നമ്പർ 106 മുതൽ 113 വരെ, (ശാസ്ത്ര സാങ്കേതിക വകുപ്പ്) ഖണ്ഡിക നമ്പർ 135 മുതൽ 140 വരെ (കേരളീയ പ്രവാസികാര്യ വകുപ്പ്)	ഖണ്ഡിക നമ്പർ 26 മുതൽ 32 വരെ, 36, 37, 40, 43, 44, 45, 47, 48 (നിയമ (പാർല) വകുപ്പ്) ഖണ്ഡിക നമ്പർ 12, 100 (പൊതുഭരണ വകുപ്പ്) ഖണ്ഡിക നമ്പർ 20, 21, 22, 25 (ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്) ഖണ്ഡിക നമ്പർ 56 (ദുരന്ത നിവാരണ വകുപ്പ്) ഖണ്ഡിക 119 മുതൽ 134 വരെ (വിവര പൊതുജന സമ്പർക്ക വകുപ്പ്) ഖണ്ഡി 162 മുതൽ 169 വരെ (ഗതാഗത വകുപ്പ്)

സി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശവും

1) 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നം. KLS/918/2025-Subc E2)

ശിപാർശ (ഖണ്ഡിക നമ്പർ 1)

2043-00-001-93 - ഐ.ടി. അടിസ്ഥാന സൗകര്യ വികസനം വിഹിതം : 2.915 കോടി രൂപ (പദ്ധതി)

1) ലക്കി ബിൽ ആപ്പ് വഴി ജി.എസ്.ടി. ബില്ലുകൾ അപ്ഗ്രേഡ് ചെയ്യുന്ന നികുതിദായകരിൽ നിന്നും നറുക്കെടുപ്പിലൂടെ വിജയികളാകുന്നവർക്ക് പാരിതോഷികങ്ങൾ നൽകുന്നതിനായി 5.08 കോടി രൂപയും അതിർത്തി നിരീക്ഷണ സംവിധാനങ്ങൾ മെച്ചപ്പെടുത്തി സുതാര്യമല്ലാത്ത ഇടപാടുകൾ നിരീക്ഷിക്കുന്നതിന്റെ ഭാഗമായി ANPR സംവിധാനം കൂടുതൽ ഇടങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിലേക്കായി 7 കോടി രൂപയും ചെലവ് വരുമെന്നതിനാൽ ടി ശീർഷകത്തിലേക്ക് അധികമായി 12.08 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന് IT Infrastructure Development എന്ന പദ്ധതിക്ക് 2.915 കോടി രൂപയ്ക്ക് 20.06.2022-ലെ G.O.(Rt) No.490/2022/TAXES ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

12.08.2022-ലെ G.O.(Rt) No.630/2022/TAXES നമ്പർ ഉത്തരവ് പ്രകാരം ലക്കി ബിൽ ആപ്പ് വഴി പാരിതോഷികങ്ങൾ നൽകുന്നതിന് 2043-00-001-90 plan Voted എന്ന ശീർഷകത്തിൽ 5 കോടി രൂപക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

കൂടാതെ 26.09.2022-ലെ G.O.(Rt) No.6563/2022/ധന. നമ്പർ ഉത്തരവ് പ്രകാരം അഡീഷണൽ ആതറൈസേഷനായി 1 കോടി രൂപയും, 09.03.2023-ലെ G.O.(Rt) No.1717/2023/ധന. നമ്പർ ഉത്തരവ് പ്രകാരം 2.98 കോടി രൂപയും, SUP1 തീയതി 21.08.2022 പ്രകാരം 1000/- രൂപയും അനുവദിച്ചിട്ടുണ്ട്.

ഐ.ടി. അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി Intelligent ANPR System for Goods Vehicle Surveillance-ന് 75 ലക്ഷം രൂപയും Data Analytics &

Application Development-ന് 2.25 കോടി രൂപയും ആയി ആകെ 3 കോടി രൂപയ്ക്ക് 15.06.2023-ലെ G.O.(Rt) No.403/2023/Taxes നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ 69)

ശമ്പളം/ഓഫീസ് ചെലവുകളിന്മേൽ ചെറിയ തുകകൾ അധികമായി ആവശ്യമായി വരുന്ന പക്ഷം ധനപുനഃവിനിയോഗം മുഖേന വകുപ്പുകൾക്ക് തന്നെ അത് പരിഹരിക്കാമെന്നിരിക്കെ സബ്ജക്ട് കമ്മിറ്റിയുടെ ധനാഭ്യർത്ഥനകളുടെ പരിശോധന വേളയിൽ വകുപ്പുകളുടെ ഭാഗത്തുനിന്ന് വളരെ തുച്ഛമായി അധിക തുക ലഭ്യമാക്കാനാവശ്യപ്പെടുന്ന പ്രവണത സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവണത ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിൽ നിന്നും 2022-2023 സാമ്പത്തിക വർഷത്തിൽ ശമ്പളം/ഓഫീസ് ചെലവുകൾ തുടങ്ങിയ ഇനങ്ങളിൽ ശുപാർശകൾ ഒന്നും തന്നെ സമർപ്പിച്ചിട്ടില്ല.

(നികുതി (ഡി) വകുപ്പ് കത്ത് നം. ഡി3/214/2022-നികുതി, തീയതി. 08.04.2024 & 14.11.2024 പ്രകാരം 1, 69 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ലഭ്യമാക്കിയ നടപടിപത്രികകൾ 25.06.2025 ലെ സമിതിയോഗം അംഗീകരിച്ചു. ഖണ്ഡിക 1 ലെ ശിപാർശയിന്മേലുള്ള നടപടിപത്രികയോടൊപ്പം ലഭ്യമാക്കിയ കാലതാമസപത്രിക 18.03.2025 ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ (ഖണ്ഡിക നമ്പർ 59)

2016-ലെ കേരള അടിസ്ഥാ സൗകര്യ നിക്ഷേപ നിധി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം പെട്രോളിയം ഉൽപന്നങ്ങളിൽ ചുമത്തിയിട്ടുള്ള സെസ്സ്, മുൻ വർഷ കാലയളവിൽ പിരിച്ചെടുത്ത പ്രകാരമുള്ള സെസ്സ് തുകയുടെ അടിസ്ഥാനത്തിൽ, ടി ശീർഷകത്തിലേക്ക് വകയിരുത്തേണ്ടതാണെങ്കിലും നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന ബജറ്റ് വിഹിതം നിയമാനുസൃതം നൽകേണ്ട വിഹിതത്തേക്കാൾ കുറവാണ്. ആകയാൽ കിഫ്ബി നിയമം അനുശാസിക്കുന്ന വിഹിതം നടപ്പ് സാമ്പത്തിക വർഷവും ടി ശീർഷകത്തിൽ ലഭ്യമാകത്തക്ക രീതിയിൽ അധിക തുക ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷം സെസ്സിനത്തിൽ 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം ലഭ്യമാകേണ്ട തുക 5475-00-115-97-00-00-00-PV എന്ന ശീർഷകത്തിൽ കിഫ്ബിക്ക് ലഭ്യമായിട്ടുണ്ട്.

(ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പ് കത്ത് നം. ഇൻഫ്രാ.3/9/2022/ധന., തീയതി. 20.02.2025 പ്രകാരം ഖണ്ഡിക 59 ലെ ശിപാർശയിന്മേൽ ലഭ്യമാക്കിയ നടപടിപത്രിക 25.06.2025 ലെ സമിതിയോഗം അംഗീകരിച്ചു. കാലതാമസപത്രിക 06.10.2025 ന് സഭയിൽ സമർപ്പിച്ചു)

2) 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നം. KLS/3239/2025-Subc E2)

ശിപാർശ (ഖണ്ഡിക നമ്പർ 3)

2043-00-001-93 - ഐ.ടി. അടിസ്ഥാന സൗകര്യ വികസനം

ഈ ശീർഷകത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ അധികമായി 2 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വകുപ്പിന്റെ പുനഃസംഘടനയുടെ ഭാഗമായി ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിലേക്കായി 140 ഓഡിറ്റ് യൂണിറ്റിലേക്കും കൂടുതൽ മികവാർന്ന കംപ്യൂട്ടറുകൾ ആവശ്യമായി വന്നു. പ്രസ്തുത കംപ്യൂട്ടറുകൾ വാങ്ങുന്നതിനുള്ള ഭരണാനുമതിക്കായി 200 ലക്ഷം രൂപയുടെ ശിപാർശ സംസ്ഥാന നികുതി കമ്മീഷണർ, സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശ പ്രകാരം 2023-24-ൽ സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. 2023-24 സാമ്പത്തിക വർഷം പ്രസ്തുത പ്രവർത്തിക്കു അംഗീകാരം അനുവദിക്കുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ 12.03.2024-ലെ D3/207/2023/Taxes നമ്പർ സർക്കാർ കത്ത് പ്രകാരം 2024-25 സാമ്പത്തിക വർഷത്തിലേക്കു മാറ്റിവയ്ക്കുകയാണുണ്ടായത്. തുടർന്ന് സംസ്ഥാന നികുതി കമ്മീഷണറുടെ 03.07.2024-ലെ SGST/4153/2023/FIN3 നമ്പർ കത്ത് പ്രകാരം ഭരണാനുമതിക്കായി 2024-25 സാമ്പത്തിക വർഷത്തിൽ സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 30.07.2024-ലെ G.O.(Rt) No.686/2024/TAXES പ്രകാരം ഹാർഡ്വെയർ ആൻഡ് സോഫ്റ്റ്‌വെയർ requirements-നു 200 ലക്ഷം രൂപയുടെ ഭരണാനുമതി 2024-25-ലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ചു.

2024-25 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി ലഭിച്ചത് 300 ലക്ഷം രൂപ ആണ്.

ശിപാർശ (ഖണ്ഡിക നമ്പർ 4)

2043-00-001-92 - പൊതുജനാവബോധവും കാര്യക്ഷമത മെച്ചപ്പെടുത്തലും

പൊതുജനാവബോധം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി വിവിധ മാധ്യമങ്ങൾ വഴി പരസ്യങ്ങൾ നൽകുന്നതിനും ഡിപ്പാർട്ട്മെന്റ് റീസ്ട്രക്ചറിങ്ങിന്റെ ഭാഗമായി കൂടുതൽ ശാസ്ത്രീയമായ പരിശീലന പരിപാടികൾ ആവിഷ്കരിക്കുന്നതിനും തുടർച്ചയായി നടത്തിവരുന്ന റിഫ്രഷർ ട്രെയിനിംഗുകൾക്കും അനുബന്ധ ചെലവുകൾക്കുമായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ പദ്ധതിയിനത്തിൽ അധികമായി 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വകുപ്പിന്റെ പുനഃസംഘടനയുടെ ഭാഗമായി കൂടുതൽ ശാസ്ത്രീയമായ പരിശീലന പരിപാടികൾ ആവിഷ്കരിക്കുന്നതിനും തുടർച്ചയായി നടത്തി വരുന്ന റിഫ്രഷർ ട്രെയിനിങ്ങുകൾക്കും അനുബന്ധ ചെലവുകൾക്കുമായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ സംസ്ഥാന നികുതി കമ്മീഷണറുടെ 23/06/2023-ലെ CT/6306/2022/Fin-A3 നമ്പർ കത്ത്, 15/09/2023, 08/02/2024 എന്നീ തീയതികളിലെ SGST/3761/2023-FIN3 നമ്പർ കത്തുകൾ എന്നിവ പ്രകാരം ഭരണാനുമതിക്കായ് 100 ലക്ഷം രൂപയുടെ പ്രൊപ്പോസൽ, സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശ പ്രകാരം സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. 2023-24 സാമ്പത്തിക വർഷം പ്രസ്തുത പ്രവർത്തിക്ക് അംഗീകാരം അനുവദിക്കുവാൻ കഴിഞ്ഞിരുന്നില്ല.

2024-25 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി ലഭിച്ചത് 400 ലക്ഷം രൂപ ആണ്.

ശിപാർശ (ഖണ്ഡിക നമ്പർ 5)

2043-00-001-90 - ലക്കി ബിൽ ആപ്പ്

ബില്ലുകൾ ചോദിച്ചുവാങ്ങുന്നതിന് പൊതുജനങ്ങളിൽ താല്പര്യം ജനിപ്പിക്കുന്നതിലേയ്ക്കായി വിഭാവനം ചെയ്ത ലക്കി ബിൽ ആപ്ലിക്കേഷൻ പദ്ധതി നികുതി ചോർച്ച തടയുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നു. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 2023-24 സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ 6 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2022 ഓഗസ്റ്റ് മാസം മുതൽ ലക്കി ബിൽ ആപ്പ് വഴിയുള്ള സമ്മാന പദ്ധതി സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന നികുതി കമ്മീഷണർ 23.06.2023-ലെ CT/6306/2022/FIN-A3 നമ്പർ കത്ത് പ്രകാരം ഭരണാനുമതിക്കായി 2023-24ൽ 545.40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്, സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശ പ്രകാരം സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. പ്രസ്തുത ലക്കി ബിൽ ആപ്പ് സ്കീമിനുള്ള നോൺ പ്ലാനിൽ നിന്നു കണ്ടെത്തുവാൻ 25.08.2023-ലെ ഡി3/207/2023-നികുതി നമ്പർ സർക്കാർ കത്ത് പ്രകാരം സംസ്ഥാന നികുതി കമ്മീഷണർക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. 31/08/2023 വരെ സമ്മാനാർഹർക്ക് നൽകാനുണ്ടായിരുന്ന തുകയുടെ അടിസ്ഥാനത്തിൽ 23/12/3023-ലെ SGST/2914/2023-LB2 നമ്പർ കത്ത് പ്രകാരം 1,34,92,000/- രൂപയുടെ ശിപാർശ നികുതി കമ്മീഷണർ സർക്കാരിലേക്ക് സമർപ്പിക്കുകയുണ്ടായി. 26/03/2024-ലെ G.O.(Rt) No.3084/2024/Fin പ്രകാരം Additional Authorization വഴി 25 ലക്ഷം രൂപ അനുവദിച്ചെങ്കിലും ഫണ്ട് BAMS-ൽ വന്നിരുന്നില്ല, തുടർന്ന് 2024-25 സാമ്പത്തിക വർഷത്തിൽ 19.04.2024-ലെ SGST/3982/2023-LB3 നമ്പർ കത്ത് പ്രകാരം 1,34,92,000/- രൂപയുടെ ശിപാർശ നികുതി കമ്മീഷണർ സർക്കാരിലേക്ക് വീണ്ടും സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 22/06/2024-ലെ G.O.(Rt) No.4934/2024/Fin പ്രകാരം Additional Authorization വഴി 1,34,92,000/- രൂപ അനുവദിക്കുകയുണ്ടായി.

ശിപാർശ (ഖണ്ഡിക നമ്പർ 6)

2043-00-101-97-15 - ചരക്ക സേവന നികുതി കാര്യാലയങ്ങൾ-രഹസ്യ സേവന ചെലവുകൾ

നികുതി പിരിവുമായി ബന്ധപ്പെട്ട രഹസ്യ വിവരങ്ങൾ ശേഖരിക്കുന്നതിനും എൻഫോഴ്സ്മെന്റ്, ഇന്റലിജൻസ് വിങ്ങുകൾ വഴി റെയ്ഡുകളും മറ്റു പ്രവർത്തനങ്ങളും നടത്തുന്നതിനുമായി 3 കോടി രൂപ 2023-24 സാമ്പത്തിക വർഷം ആവശ്യമായി വരുമെങ്കിലും 10 ലക്ഷം രൂപ മാത്രമാണ് നിലവിൽ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്നത്. ആയതിനാൽ അധികമായി 2.9 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നികുതി പിരിവുമായി ബന്ധപ്പെട്ട രഹസ്യ വിവരങ്ങൾ ശേഖരിക്കുന്നതിനും

ഇന്റലിജൻസ് എൻഫോഴ്സ്മെന്റ് വിങ് വഴി റെയ്ഡുകളും മറ്റു പ്രവർത്തനങ്ങളും നടത്തുന്നതിനുമായി 2023-24-ലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ സംസ്ഥാന നികുതി കമ്മീഷണർ 02.06.2023-ലെ SGST/2717/2023-FIN3 നമ്പർ കത്ത് മുഖേന, സബ്ജക്ട് കമ്മിറ്റി നിർദ്ദേശ പ്രകാരം 290 ലക്ഷം രൂപയുടെ Additional Authorization ശിപാർശ സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. 16.08.2023-ലെ G.O.(Rt) No.6009/2023/Fin പ്രകാരം 1 കോടി രൂപ Additional Authorization വഴി അനുവദിക്കുകയുണ്ടായി.

2024-2025 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി ലഭിച്ചത് 20 ലക്ഷം രൂപ ആണ്. തുടർന്ന് 13/10/2024-ലെ G.O.(Rt) No.7600/2024/Fin പ്രകാരം Additional Authorization വഴി 2,00,00,00/- രൂപ അനുവദിക്കുകയുണ്ടായി.

(നികുതി (ഡി) വകുപ്പ് കത്ത് നം. ഡി3/118/2023-നികുതി, തീയതി. 12.03.2025 പ്രകാരം 3, 4, 5, 6 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ലഭ്യമാക്കിയ നടപടിപത്രികകൾ 25.06.2025 ലെ സമിതിയോഗം അംഗീകരിച്ചു. കാലതാമസപത്രിക 06.10.2025 ന് സഭയിൽ സമർപ്പിച്ചു)

2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 7, 11-45 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ നടപടിപത്രികകൾ 25.06.2025, 18.09.2025 എന്നീ തീയതികളിലെ സമിതിയോഗം അംഗീകരിക്കുകയും നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തു.

അദ്ധ്യായം VII

സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ

റിപ്പോർട്ട് കാലയളവിൽ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള സർക്കാർ നടപടിപത്രികകൾ ഒന്നുംതന്നെ പരിഗണിച്ചിട്ടില്ല.

വി ഡി സതീശൻ

തിരുവനന്തപുരം,
2026 ഒക്ടോബർ 14.

ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി VIII.

അനുബന്ധം

1) 25.06.2025- ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII, 2025 ജൂൺ മാസം 25-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '4-എ' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുമായ ശ്രീ. കെ. എൻ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ്, രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ഡോ. കെ. ടി. ജലീൽ, എം.എൽ.എ
2. ശ്രീ. ഡി. കെ. മുരളി, എം.എൽ.എ
3. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ, എം.എൽ.എ
4. ശ്രീ. ഇ. കെ. വിജയൻ, എം.എൽ.എ

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി അമ്പിളി പി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ്, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്, കായിക യുവജനകാര്യ വകുപ്പ്
2. ശ്രീ. അജിത് പാട്ടീൽ, കമ്മീഷണർ, കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്
3. ശ്രീ. മിർ മുഹമ്മദ് അലി, ചെയർമാൻ & മാനേജിങ് ഡയറക്ടർ, കെ.എസ്.ഇ.ബി.ലിമിറ്റഡ്
4. ശ്രീമതി ശ്രീധന്യ സുരേഷ്, ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്
5. ശ്രീ. എബ്രഹാം റെൻ എസ്., സ്പെഷ്യൽ കമ്മീഷണർ, കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് & ഡയറക്ടർ, കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്
6. ശ്രീ. അബ്ദുൾ നാസർ ബി., സ്പെഷ്യൽ സെക്രട്ടറി, സൈനിക ക്ഷേമ വകുപ്പ്
7. ശ്രീ. രാജേഷ് ജി. ആർ., അഡീഷണൽ സെക്രട്ടറി, പൊതുഭരണ (AIS) വകുപ്പ്
8. ശ്രീ. മുഹമ്മദ് റിയാസ്, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
9. ശ്രീമതി ലതാകുമാരി എം. ബി., അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

10. ശ്രീ. റ്റി. ആർ. ജയപാൽ, അഡീഷണൽ സെക്രട്ടറി, റവന്യൂ (എഫ്) വകുപ്പ്
11. ശ്രീ. പ്രമോദ് എം. വി., അഡീഷണൽ സെക്രട്ടറി, നികുതി വകുപ്പ്
12. ശ്രീമതി ശ്രീലത സുകുമാരൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
13. ശ്രീമതി പ്രീത ബി. എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
14. ശ്രീമതി സബീഹ പി. എം., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
15. ശ്രീ. ബി. പ്രതാപചന്ദ്രൻ, അഡീഷണൽ ലോ സെക്രട്ടറി, നിയമ വകുപ്പ്
16. ശ്രീ. കെ. എസ്. ഗോപകുമാർ, അഡീഷണൽ എക്സൈസ് കമ്മീഷണർ, എക്സൈസ് വകുപ്പ്
17. ശ്രീ. വി. സാജൻ, ഡയറക്ടർ, ട്രഷറി വകുപ്പ്
18. ക്യാപ്റ്റൻ ഷീബാരവി (റിട്ട.), ഡയറക്ടർ-ഇൻ-ചാർജ്, സൈനികക്ഷേമ വകുപ്പ്
19. ശ്രീ. രജത് ജി. എസ്., ഡയറക്ടർ-ഇൻ-ചാർജ്, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
20. ശ്രീമതി വിജയശ്രീ എം. എസ്., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
21. ശ്രീ. മനോജ് കെ., ജോയിന്റ് സെക്രട്ടറി, നികുതി വകുപ്പ്
22. ശ്രീമതി പ്രീതി സി. എസ്., ജോയിന്റ് സെക്രട്ടറി, ഊർജ വകുപ്പ്
23. ശ്രീ. അജിത് കുമാർ. പി., അഡീഷണൽ ഡയറക്ടർ, ധനകാര്യ (ദേശീയ സമ്പാദ്യ പദ്ധതി) വകുപ്പ്
24. ശ്രീ. ബി. രാധാകൃഷ്ണൻ, ജോയിന്റ് എക്സൈസ് കമ്മീഷണർ, എക്സൈസ് വകുപ്പ്
25. ശ്രീ. വിനോദ് കുമാർ എസ്., ജോയിന്റ് എക്സൈസ് കമ്മീഷണർ (APC), എക്സൈസ് വകുപ്പ്
26. ശ്രീമതി മായ എൻ. പിള്ള, ജോയിന്റ് ഡയറക്ടർ, സംസ്ഥാന ലോട്ടറി വകുപ്പ്
27. ശ്രീമതി ശ്രീകല എസ്., ചെയർപേഴ്സൺ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
28. ശ്രീമതി ഗീത ജി., സെക്രട്ടറി, രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി
29. ശ്രീ. ശ്രീകാന്ത് കെ. പി., സ്റ്റേറ്റ് ടാക്സ് ഓഫീസർ, ചരക്കുസേവന നികുതി വകുപ്പ്
30. ശ്രീമതി ശോഭ റ്റി. സി., സ്റ്റേറ്റ് ടാക്സ് ഓഫീസർ, ചരക്കുസേവന നികുതി വകുപ്പ്
31. ശ്രീ. പ്രവീഷ് എസ്. ഫിനാൻസ് ഓഫീസർ, കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്
32. ശ്രീമതി സജിത എം. എസ്., ഫിനാൻസ് ഓഫീസർ, സൈനികക്ഷേമ വകുപ്പ്
33. ശ്രീമതി ദേവിപ്രിയ ആർ. ജി., ഫിനാൻസ് ഓഫീസർ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്
34. ശ്രീ. സലിം എം. എം., ഡിവിഷണൽ ഓഫീസർ, കേരള സംസ്ഥാന വഖഫ് ബോർഡ്
35. ശ്രീ. റെജി ജോൺ, ജോയിന്റ് ഫണ്ട് മാനേജർ, കിഫ്ബി

36. ശ്രീ. റെജി വി., അസിസ്റ്റന്റ് സെക്രട്ടറി, രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി
37. ശ്രീ. കൃഷ്ണൻ എം. എൻ, ചീഫ് എഞ്ചിനീയർ, മലിനീകരണ നിയന്ത്രണ ബോർഡ്
38. ശ്രീ. അനിൽകുമാർ സി കെ, ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർ, (അബ്കാരി) എക്സൈസ് വകുപ്പ്
39. ശ്രീമതി രജനി എം, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്

പ്രസ്തുത യോഗത്തിൽ, സർക്കാരിൽ നിന്നും സമിതിയുടെ പരിഗണനയ്ക്കായി ലഭ്യമാക്കിയ കരട് ചട്ടം, സാധൂകരണത്തിനായി ലഭ്യമാക്കിയ എസ്. ആർ. ഒ- കൾ, ധനാഭ്യർത്ഥനകളുടെ പരിശോധന റിപ്പോർട്ടുകളിലെ ശിപാർശകളിൻമേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ, ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ, യഥാസമയം സഭയിൽ സമർപ്പിക്കുവാൻ കാലതാമസം വരുത്തിയതിൻമേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ കാലതാമസപത്രികകൾ എന്നിവ സമിതി പരിഗണിക്കുകയും ചുവടെ ചേർത്തിരിക്കുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു. കൂടാതെ, 'സംസ്ഥാനത്തെ ലഹരി വിമോചന പദ്ധതികൾ – കാര്യക്ഷമമാക്കൽ' എന്ന വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

I കരട് ചട്ടം പരിഗണന:

കേരള ട്രഷറി കോഡ് വാല്യം 1, ചട്ടം 210(2)(r) ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടം.
(ഫയൽനം. KLS/3042/2025-Subc E2)
[ഗവ. റഫറൻസ് നം. 2435707/എസ്.എൽ.-1/29/2023-ധന., തീയതി 20/02/2025]

പ്രസ്തുത കരട് ചട്ടം കേരള ട്രഷറി കോഡ് വാല്യം 1-ന്റെ ഭേദഗതി റീഫണ്ടുമായി ബന്ധപ്പെട്ടിട്ടുള്ളതാണെന്നും, ഹൈക്കോടതി രജിസ്ട്രാർ ട്രഷറി വകുപ്പിനോട് ആവശ്യപ്പെട്ട പ്രകാരം, ഇ-ട്രഷറി പോർട്ടൽ മുഖേന പണം അടയ്ക്കുമ്പോൾ നെറ്റ്‌വർക്ക് ഇഷ്യൂ കാരണമോ തുക ഓൺലൈനായി അടയ്ക്കുന്നതിനുള്ള പരിചയക്കുറവ് കാരണമോ അധിക തുക അടയ്ക്കേണ്ടതായി വരുന്ന സാഹചര്യത്തിൽ ഒരു രൂപയ്ക്ക് ഏഴ് പൈസ എന്ന രീതിയിൽ കുറവുവരുത്താതെ അധികമായി അടച്ച മുഴുവൻ തുകയും റീഫണ്ട് ചെയ്യുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനുള്ളതാണ് കരട് ചട്ടമെന്നും ധനകാര്യ വകുപ്പ് സമിതിയെ അറിയിച്ചു. തുടർന്ന് പ്രസ്തുത കരട് ചട്ടം ഭേദഗതികൾ കൂടാതെ, സമിതി അംഗീകരിക്കുകയും ചെയ്തു.

II ചട്ടങ്ങളുടെ സാധൂകരണം

സമിതിയുടെ മുൻകൂർ പരിശോധന കൂടാതെ പുറപ്പെടുവിച്ച ചുവടെ ചേർത്തിരിക്കുന്ന ചട്ടങ്ങൾ സംബന്ധിച്ച എസ്. ആർ. ഒ- കൾ സമിതി പരിഗണിക്കുകയും അവയ്ക്ക് സാധൂകരണം നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

<u>നികുതി (ബി) വകുപ്പ്</u>

1. എസ്.ആർ.ഒ. നം. 665/2024 (The Central Sales Tax (Kerala) (Second Amendment)

Rules, 2024)

2. എസ്.ആർ.ഒ. നം. 666/2024 (The Kerala Value Added Tax (Third Amendment) Rules, 2024)

3. എസ്.ആർ.ഒ. നം. 667/2024 (The Kerala General Sales Taxes (Third Amendment) Rules, 2024)

(ഫയൽനം.14499/സബ്.സി.ഇ2/2024/ലെജി.)

[ഗവ. റഫറൻസ് നം. ബി1/122/2024/റ്റി.ഡി., തീയതി. 14.08.2024 & 22.10.2024]

നിലവിലുള്ള "Kerala Value Added Tax Information System (KVATIS)"-ന പകരമായി "Kerala Indirect Tax Information System (KITIS)" എന്ന പേരിൽ സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തിരുന്നുവെന്നും 1963-ലെ കേരള പൊതു വില്പന നികുതി നിയമം, 1956 ലെ കേന്ദ്ര വില്പന നികുതി നിയമം, 2005 ലെ കേരള മൂല്യവർദ്ധിത നികുതി നിയമം എന്നിവയുടെ കീഴിൽ റിട്ടേൺ ഫയൽ ചെയ്യുന്നതിനായി ഡിജിറ്റൽ സൗകര്യം ഏർപ്പെടുത്തുന്നതിനും 1963-ലെ കേരള പൊതു വില്പന നികുതി നിയമത്തിലെ Form No. 9-ൽ പുതിയൊരു ഫോർമാറ്റ് കൊണ്ടുവരുന്നതിനും 1957 ലെ കേന്ദ്ര വില്പന നികുതി (കേരളം), 2005 ലെ കേരള മൂല്യവർദ്ധിത നികുതി നിയമം, 1967 ലെ കേരള പൊതു വില്പന നികുതി നിയമം എന്നിവയിൽ ഭേദഗതി വരുത്തുന്നതിനുമാണ് 665/2024, 666/2024, 667/2024 എന്നീ എസ്.ആർ.ഒ.-കൾ പുറപ്പെടുവിച്ചിരിക്കുന്നതെന്നും നികുതി വകുപ്പ് സ്പെഷ്യൽ കമ്മിഷണർ സമിതിയെ അറിയിച്ചു.

4. എസ്.ആർ.ഒ. നം. 994/2024 [The Kerala Goods and Services Tax (Third Amendment) Rules, 2024]

(ഫയൽനം.19944/സബ്.സി.ഇ2/2024/ലെജി., KLS/1923/2025-Subc E2) [ഗവ. റഫറൻസ് നം. ബി1/200/2024/റ്റി.ഡി. തീയതി. 25.11.2024 & 06.02.2025]

രജിസ്ട്രേഷൻ, ടാക്സ് ഡിമാന്റ് ചെയ്യുന്നതിനാവശ്യമായ ഫോമുകളുടെ പരിഷ്കരണം, റീഫണ്ടുകൾ വേഗത്തിലാക്കുന്നതിനുള്ള നടപടികൾ, കോമ്പോസിഷൻ സ്കീം എന്നിവയിലെല്ലാം ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശയനുസരിച്ച് ഭേദഗതി വരുത്തുന്നതിനാണ് പ്രസ്തുത എസ്.ആർ.ഒ. പുറപ്പെടുവിച്ചിട്ടുള്ളതെന്ന് നികുതി വകുപ്പ് സ്പെഷ്യൽ കമ്മീഷണർ സമിതിയെ അറിയിച്ചു.

5. എസ്.ആർ.ഒ. നം. 836/2024 [The Kerala Goods and Services Tax (Second Amendment) Rules, 2024]

(ഫയൽനം.17693/സബ്.സി.ഇ2/2024/ലെജി. KLS/813/2025-Subc E2)

[ഗവ. റഫറൻസ് നം. ബി1/137/2024-റ്റി.ഡി. തീയതി. 16.10.2024 & 06.02.2025]

ജി.എസ്.ടി. കൗൺസിൽ GSTR-1A എന്ന പുതിയ റിട്ടേൺ സംവിധാനം കൊണ്ടുവരുന്നതിനോടനുബന്ധിച്ച് ചട്ടങ്ങളിൽ വരുത്തേണ്ട ഭേദഗതികൾക്കും ജി.എസ്.ടി. അപ്പലേറ്റ് ട്രിബ്യൂണലിൽ ലഭിക്കുന്ന അപ്പീലുകൾ ഡിജിറ്റലായി സ്വീകരിക്കുന്നതിന് രജിസ്ട്രാർക്ക് അനുമതി നൽകുന്നതിനുള്ള ഭേദഗതികൾക്കും ക്യാന്റീൻ സ്റ്റോഴ്സ് ഡിപ്പാർട്ടുമെന്റിനും എക്സ്പോർട്ടേഴ്സിനും ക്രെഡിറ്റ് എടുക്കുന്നതിനും റീഫണ്ട് നൽകുന്നതിനുമുള്ള വാല്യുവേഷനിൽ ചില പ്രശ്നങ്ങളുണ്ടായിരുന്നത് പരിഹരിക്കുന്നതിനുള്ള ഭേദഗതികൾക്കും ടാക്സ് അടയ്ക്കാത്തവർക്ക് Show Cause Notice നൽകുമ്പോൾ ഓൺലൈനായി ടാക്സ്പെയറെ അറിയിക്കുന്നതിനുള്ള പ്രൊവിഷനും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഭേദഗതികൾക്കുമായാണ് പ്രസ്തുത എസ്.ആർ.ഒ. പുറപ്പെടുവിച്ചിട്ടുള്ളതെന്ന് നികുതി വകുപ്പ് സമിതിയെ അറിയിച്ചു.

6. എസ്.ആർ.ഒ. നം. 463/2025 [The Kerala Goods and Services Tax (Second Amendment) Rules, 2025]

(KLS/4259/2025-Subc E2)

[ഗവ. റഫറൻസ് നം. ബി1/137/2024-റ്റി.ഡി., തീയതി 16.10.2024 & 06.02.2025]

ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശയനുസരിച്ച് നടപ്പിലാക്കിയ ആംനെസ്റ്റി പദ്ധതിയിൽ മനപ്പൂർവ്വമല്ലാത്ത നികുതി ചോർച്ച സംഭവിച്ചിട്ടുണ്ടെങ്കിൽ അത്തരം ആളുകൾക്ക് അപേക്ഷിക്കുന്നതിനു വേണ്ടിയുള്ള ഭേദഗതികളാണ് പ്രസ്തുത എസ്.ആർ.ഒ.-യിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് നികുതി വകുപ്പ് സ്പെഷ്യൽ കമ്മിഷണർ സമിതിയെ അറിയിച്ചു.

7. എസ്.ആർ.ഒ. നം. 362/2025 [The Kerala General SalesTax (Amendment) Rules, 2025]

(KLS/4024/2025-Subc E2)

[ഗവ. റഫറൻസ് നം. ബി1/68/2025/റ്റി.ഡി. തീയതി. 23.04.2025 & 15.05.2025]

2025-ലെ കേരള ധനകാര്യ നിയമപ്രകാരം, 1963-ലെ കേരള പൊതുവില്പന നികുതി നിയമത്തിലെ ആംനെസ്റ്റി പദ്ധതിയിൽ വെഹിക്കിൾ ഡിറ്റെൻഷനുള്ള പ്രൊവിഷൻസ് കൊണ്ടുവരുന്നതിനുള്ള ഭേദഗതിയാണ് പ്രസ്തുത എസ്.ആർ.ഒ.-യിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് നികുതി വകുപ്പ് സ്പെഷ്യൽ കമ്മിഷണർ സമിതിയെ അറിയിച്ചു.

8. എസ്.ആർ.ഒ. നം. 304/2025 [The Kerala Goods and Services Tax (Amendment) Rules, 2025]

(KLS/3794/2025-Subc E2)

[ഗവ. റഫറൻസ് നം. ബി1/55/2025/റ്റി.ഡി., തീയതി. 10.04.2025 & 02.05.2025]

ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശയനുസരിച്ച് രജിസ്ട്രേഷനില്ലാത്ത ഒരു വ്യക്തിക്ക്

ബാധ്യത വരാത്ത രീതിയിൽ ടാക്സ് അടയ്ക്കുന്നതിനുള്ള താൽക്കാലിക പ്രൊവിഷൻ, കോമ്പോസിഷൻ ടാക്സ് പേയേഴ്സിന് (ഒന്നര കോടി രൂപയിൽ താഴെ വിറ്റുവരവുള്ളവർക്ക്) ആനുവൽ റിട്ടേൺ ഫയൽ ചെയ്യുന്നതിന് കാലാവധി നീട്ടി കൊടുക്കുക, ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ നൽകാത്തവരുടെ രജിസ്ട്രേഷൻ ക്യാൻസലാകുന്നത് ഒഴിവാക്കുന്നതിനായി ജി.എസ്.ടി. രജിസ്ട്രേഷന് ബാങ്ക് അക്കൗണ്ട് നിർബന്ധമാക്കിക്കൊണ്ടുള്ള പ്രൊവിഷൻ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഭേദഗതികളാണ് പ്രസ്തുത എസ്.ആർ.ഒ.-യിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് നികുതി വകുപ്പ് സ്പെഷ്യൽ കമ്മിഷണർ സമിതിയെ അറിയിച്ചു.

9. എസ്.ആർ.ഒ. നം. 364/2025 [The Kerala Amnesty Rules, 2025]

(KLS/4031/2025-Subc E2)

[ഗവ. റഫറൻസ് നം. ബി1/67/2025/റ്റി.ഡി., തീയതി. 23.04.2025]

2025-ലെ കേരള ധനകാര്യ നിയമപ്രകാരമുള്ള 'ജനറൽ ആംനസ്റ്റി സ്കീം, 2025' പദ്ധതിയുടെ 2-ാം വകുപ്പിലെ ഡെഫനിഷൻസ്, വകുപ്പ് 3-ലെ ആംനസ്റ്റി പോർട്ടൽ മുഖേന ആപ്ലിക്കേഷൻ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളും എങ്ങനെ തുക അടയ്ക്കണമെന്നും അപ്പീൽ ഫയൽ ചെയ്യണമെന്നുമുള്ള പ്രൊവിഷനുകൾ എന്നിവയിലുള്ള ഭേദഗതികളാണ് പ്രസ്തുത എസ്.ആർ.ഒ.-യിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് നികുതി വകുപ്പ് സ്പെഷ്യൽ കമ്മിഷണർ സമിതിയെ അറിയിച്ചു.

<u>നികുതി (സി) വകുപ്പ്</u>

10. എസ്.ആർ.ഒ. നം. 130/2025 [The Kerala Chit Funds (Amendment) Rules, 2025]

(ഫയൽനം.KLS/3012/2025-Subc E2)

[ഗവ. റഫറൻസ് നം. സി3/210/2023-നി.വ., തീയതി 03.03.2025]

ചിട്ടി സെക്യൂരിറ്റി റിലീസിനുള്ള തുക വിജ്ഞാപനം ചെയ്ത് നൽകുന്നതിനുള്ള പ്രൊവിഷൻസാണ് പ്രസ്തുത എസ്.ആർ.ഒ.-യിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് രജിസ്ട്രേഷൻ വകുപ്പ് ഇൻസ്പെക്ടർ ജനറൽ സമിതിയെ അറിയിച്ചു.

<u>നികുതി (ജി) വകുപ്പ്</u>

11. എസ്.ആർ.ഒ. നം. 361/2025 [The Foreign Liquor (3rd Amendment) Rules, 2025]

(KLS/3411/2025-Subc E2)

[ഗവ. റഫറൻസ് നം.ജി1/42/2024-നികുതി, തീയതി. 04.04.2025 & 13.05.2025]

12. എസ്.ആർ.ഒ. നം. 231/2025 [The Foreign Liquor (2nd Amendment) Rules, 2025]

(KLS/3057/2025-Subc E2)

[ഗവ. റഫറൻസ് നം. ജി1/202/2024-നികുതി, തീയതി 10.03.2025 & 13.05.2025]

വിദേശമദ്യ ചട്ട പ്രകാരം, ലൈസൻസ് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള പ്രൊവിഷൻ ഫലപ്രദമായിരുന്നില്ലാത്തതിനാൽ നിലവിലുള്ള ലൈസൻസ് ഫീസ് അടച്ചുകൊണ്ടുതന്നെ ലൈസൻസ് ട്രാൻസ്ഫർ ചെയ്യാമെന്ന പ്രൊവിഷൻ വിദേശമദ്യ ചട്ടത്തിൽ ഉൾ പ്പെടുത്തുന്നതിനായാണ് എസ്.ആർ.ഒ. നം. 231/2025 പുറപ്പെടുവിച്ചിട്ടുള്ളതെന്നും കൂടാതെ, മുമ്പ് വിദേശമദ്യത്തിന്റെ മൂന്ന് സാമ്പിളുകൾ ശേഖരിച്ച് അവയിൽനിന്നും ലൈസൻസിക്ക് നൽ കുകയും ലാബിലേയ്ക്ക് അയയ്ക്കുകയും ഉത്തരവാദപ്പെട്ട DEC (Deputy Excise Commissioner) കൈവശം വയ്ക്കുകയും ചെയ്യുന്ന രീതിയാണുണ്ടായിരുന്നതെന്നും പിന്നീട്, ഒരു സാമ്പിൾ മാത്രം ശേഖരിച്ചാൽ മതിയെന്ന് തീരുമാനം എടുത്ത സാഹചര്യത്തിൽ ആയതിന്റെ സുതാര്യത സംബന്ധിച്ച് ആക്ഷേപങ്ങൾ വന്നതിനാൽ പഴയ മൂന്ന് സാമ്പിളുകൾ ശേഖരിക്കുന്ന രീതി വീണ്ടും കൊണ്ടുവരുന്നതിനാണ് പ്രസ്തുത എസ്.ആർ.ഒ. നം. 361/2025 എന്നും അഡീഷണൽ എക്സൈസ് കമ്മീഷണർ, സമിതിയെ അറിയിച്ചു. സാമ്പിളുകളിൽനിന്നും ഒരെണ്ണം ലൈസൻ സിക്ക് നൽകുന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് മറുപടിയായി വിദേശമദ്യത്തെ സംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള തർക്കങ്ങൾ പിന്നീട് വരികയാണെങ്കിൽ ലൈസൻ സിക്ക് നൽകുന്ന സാമ്പിൾ ലാബിൽ അയച്ച് വീണ്ടും പരിശോധിക്കുന്നതിനാണെന്നും അഡീഷണൽ എക്സൈസ് കമ്മീഷണർ, സമിതിയെ അറിയിച്ചു.

തുടർന്ന്, വീര്യം കുറഞ്ഞ മദ്യം ഉൽപാദിപ്പിക്കുന്നതിന്റെയും കശുമാങ്ങയിൽനിന്നും മദ്യം ഉൽപാദിപ്പിക്കുന്നതിന്റെയും ചട്ട രൂപീകരണത്തിന്റെ നിലവിലെ സ്ഥിതി സമിതി ആരായുകയും അതിന് മറുപടിയായി ഉൽപാദനത്തെ സംബന്ധിച്ച എല്ലാ റൂൾസും എക്സൈസ് വകുപ്പിൽ തയ്യാറായിട്ടുണ്ടെന്ന് വകുപ്പ് സമിതിയെ അറിയിച്ചു.

0.5 മുതൽ 20 ശതമാനംവരെ വരുന്ന റെഡി-ടു-ഡ്രിങ്ക്, 0.5 മുതൽ 15.5 ശതമാനം വരെ വരുന്ന ഹോർട്ടി വൈൻ എന്നിവയുൾപ്പെടുന്ന മൂന്ന് തരത്തിലുള്ള വീര്യം കുറഞ്ഞ മദ്യമാണ് അപ്രകാരം ഉൽപാദിപ്പിക്കുന്നതെന്നും ഫെർമെന്റഡ് ലിക്വറായ ഹോർട്ടി വൈനിന് ലൈസൻ സ് നൽകി അവ വിപണികളിൽ വില്പനയ്ക്കെത്തിയിട്ടുണ്ടെന്നും അഡീഷണൽ എക്സൈസ് കമ്മീഷണർ സമിതിയെ അറിയിച്ചു.

ഹോർട്ടി വൈനിന്റെ നികുതി, ലൈസൻസ് എന്നിവ സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, നിലവിലുള്ള വൈനിന്റെ ടാക്സ് തന്നെയാണ് ഹോർട്ടി വൈനിനും ഈടാക്കുന്നതെന്നും ഹോർ ട്ടി വൈൻ ഉൽപാദിപ്പിക്കുന്നതിനുള്ള ലൈസൻസ് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി കൂടാതെ, കൊട്ടാരക്കര, കാസർഗോഡ് എന്നിവിടങ്ങളിലെ സ്വകാര്യ സ്ഥാപനങ്ങൾക്കും (ഒരോന്നുവീതം) നൽകിയിട്ടുണ്ടെന്നും കശുമാങ്ങ, കൈതച്ചക്ക, വാഴപ്പഴം തുടങ്ങിയ പഴവർ

ഗ്ഗങ്ങളിൽനിന്നും ഡിസ്റ്റിൽഡായി വീര്യം കുറഞ്ഞ മദ്യമുണ്ടാക്കുന്ന മൂന്നാമത്തെ വിഭാഗത്തെ സംബന്ധിച്ച റൂൾസുകളെല്ലാം വകുപ്പ് തയ്യാറാക്കിയിട്ടുണ്ടെന്നും കശുമാങ്ങയിൽനിന്നും ഉൽ പാദിപ്പിക്കുന്ന മദ്യത്തിന് ടാക്സ് നിശ്ചയിച്ചിട്ടില്ലായെന്നും എന്നാൽ, വിദേശമദ്യത്തിന്റെ ടാക്സ് അതിനുകൂടി ബാധകമാക്കണമെന്നാണ് വകുപ്പിന്റെ തീരുമാനമെന്നും പ്രസ്തുത എസ്.ആർ.ഒ. പരിഗണിച്ച വേളയിൽ വകുപ്പ് സമിതിയെ അറിയിച്ചു.

III. <u>ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർ ശകളിൻമേൽ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന</u>

(i) 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽനം.11735/സബ്.സി.ഇ2/2024/ലെജി. , KLS/948/2025-Subc E2)

[ഗവ. റഫറൻസ് നം. 2700859/എസ്റ്റാ-ഡി4/23/2024-ധന, തീയതി - 26.11.2024]

[ഗവ. റഫറൻസ് നം. സി1/106/2024-ധന(2885864),തീയതി -11.10.2024]

[ഗവ. റഫറൻസ് നം. 2886766/എച്ച്.ബി.എ-2/69/2024-ധന,തീയതി - 27.03.2025]

[ഗവ. റഫറൻസ് നം. PLGEA-B1/135/2024-PLGEA, തീയതി - 28.02.2025]

[ഗവ. റഫറൻസ് നം. എ.ഐ.എസ്-സി2/130/2024-പൊഭവ,തീയതി-09.10.2024, എ.ഐ.എസ്-സി2/130/2024-ജിഎഡി, തീയതി-19.05.2025]

[ഗവ. റഫറൻസ്നം. നികുതി-എഫ്3/189/2024/നി.വ.,തീയതി-29.04.2025]

[ഗവ. റഫറൻസ് നം.TAXES-H1/243/2024-TAXES, തീയതി -29.04.2025]

[ഗവ. റഫറൻസ് നം. Pro 3/5/2024-GAD, തീയതി -05.05.2025]

[ഗവ. റഫറൻസ് നം.PLGEA-B1/135/2024-PLGEA-Part(1),തീയതി- 05.05.2025]

[ഗവ. റഫറൻസ് നം. റവ.എഫ്2/241/2024-റവ, തീയതി -06.05.2025]

[ഗവ. റഫറൻസ് നം. SW3/164/2024-SWD, തീയതി -16.05.2025]

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക നം. 40, 41, 42, 43, 44, 45 എന്നിവയിലെയും 19, 20 എന്നിവയിലെയും ശിപാർശകളിമേൽ ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ് 26.11.2024-ലെ കത്ത് പ്രകാരവും ഖണ്ഡിക നം. 21, 22 എന്നിവയിലെ ശിപാർശകളിമേൽ ധനകാര്യ (ഭരണം-സി) വകുപ്പ് 11.10.2024-ലെ കത്ത് പ്രകാരവും ഖണ്ഡിക നം. 31-ലെ ശിപാർശയിൻമേൽ ധനകാര്യ (എച്ച്.ബി.എ) വകുപ്പ് 27.03.2025-ലെ കത്ത് പ്രകാരവും ഖണ്ഡിക നം. 35-ലെ ശിപാർശയിൻമേൽ ആസൂത്രണ സാമ്പത്തിക കാര്യ (ബി) വകുപ്പ് 28.02.2025-ലെ കത്ത് പ്രകാരവും ഖണ്ഡിക നം. 39-ലെ ശിപാർശയിൻമേൽ പൊതുഭരണ (എ.ഐ.എസ്.-സി) വകുപ്പ് 09.10.2024, 19.05.2025 എന്നീ തീയതികളിലെ കത്തുകൾ പ്രകാരവും ഖണ്ഡിക നം. 11, 12, 13,

14, 15, 16, 17, 18 എന്നിവയിലെ ശിപാർശകളിമേൽ നികുതി (എഫ്) വകുപ്പ് 29.04.2025-ലെ കത്ത് പ്രകാരവും ഖണ്ഡിക നം. 24, 25, 26, 27, 28, 29, 30 എന്നിവയിലെ ശിപാർശകളിമേൽ നികുതി (എച്ച്) വകുപ്പ് 29.04.2025-ലെ കത്ത് പ്രകാരവും ഖണ്ഡിക നം. 23-ലെ ശിപാർശയിൻമേൽ പൊതുഭരണ (പ്രോട്ടോക്കോൾ) വകുപ്പ് 05.05.2025-ലെ കത്ത് പ്രകാരവും ഖണ്ഡിക നം. 36, 37, 38 എന്നിവയിലെ ശിപാർശകളിമേൽ ആസൂത്രണ സാമ്പത്തിക കാര്യ (ബി) വകുപ്പ് 05.05.2025-ലെ കത്ത് പ്രകാരവും ഖണ്ഡിക നം. 33-ലെ ശിപാർശയിൻമേൽ റവന്യൂ (എഫ്) വകുപ്പ് 06.05.2025-ലെ കത്ത് പ്രകാരവും ഖണ്ഡിക നം. 34-ലെ ശിപാർശയിൻമേൽ സൈനിക ക്ഷേമ (എ) വകുപ്പ് 16.05.2025-ലെ കത്ത് പ്രകാരവും ലഭ്യമാക്കിയ നടപടി പത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ii) 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽനം.5494/സബ്.സി.ഇ2/2023/ലെജി. KLS/3239/2025-Subc E2)

[ഗവ. റഫറൻസ് നം. ഡി3/118/2023-നികുതി,തീയതി - 12.03.2025]

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക നം. 3,4,5,6 എന്നിവയിലെ ശിപാർശകളിമേൽ നികുതി (ഡി) വകുപ്പ് 12.03.2025-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടി പത്രികയും കാലതാമസ പത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(iii) 2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽനം.12945/സബ്.സി.ഇ2/2022/ലെജി., KLS/918/2025-Subc E2)

[ഗവ. റഫറൻസ് നം. ഡി3/214/2022-നികുതി, തീയതി, 08.04.2024&14.11.2024]

[ഗവ. റഫറൻസ് നം. ഇൻഫ്രാ.3/9/2022/ധന., തീയതി. 20.02.2025]

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക നം. 1-ലെ ശിപാർശയിൻമേൽ നികുതി (ഡി) വകുപ്പ് 08.04.2024, 14.11.2024 എന്നീ തീയതികളിലെ കത്തുകൾ പ്രകാരം ലഭ്യമാക്കിയ നടപടി പത്രിക, കാലതാമസ പത്രിക എന്നിവയും ഖണ്ഡിക നം. 69 (പൊതു ശിപാർശ)-ൻമേലുള്ള നടപടി പത്രികയും ഖണ്ഡിക നം. 59 -ലെ ശിപാർശകളിമേൽ ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പ് 20.02.2025-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടി പത്രികയും കാലതാമസ പത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

IV. **ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിക്കാതെ വന്നതിൻമേൽ വകുപ്പ് ലഭ്യമാക്കിയ കാലതാമസപത്രികകളുടെ പരിഗണന**

(i) 2023-2024 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള

കാലതാമസപത്രിക

(ഫയൽ നം. 274/സബ്.സി.ഇ2/2024/ലെജി.)

[ഗവ. റഫറൻസ് നം. REV-F2/73/2024-REV,തീയതി - 04.11.2024]

[ഗവ. റഫറൻസ് നം. ബി/15/2024-എസ്.വൈ.എ., തീയതി - 08.08.2024&04.11.2024]

[ഗവ. റഫറൻസ് നം. PWR-A3/10/2024-POWER തീയതി - 21.01.2025]

[ഗവ. റഫറൻസ് നം. പി.എ.സി-എ3/8/2024-ധന തീയതി - 18.03.2025]

2023-2024 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടിൻമേൽ 04.11.2024-ലെ കത്ത് പ്രകാരം റവന്യൂ (എഫ്) വകുപ്പ്, 08.08.2024, 04.11.2024 എന്നീ തീയതികളിലെ കത്തുകൾ പ്രകാരം കായിക യുവജനകാര്യ (ബി) വകുപ്പ്, 21.01.2025-ലെ കത്ത് പ്രകാരം ഊർജ്ജ (എ) വകുപ്പ്, 18.03.2025-ലെ കത്ത് പ്രകാരം ധനകാര്യ (പി.എ.സി.-എ) വകുപ്പ് എന്നിവ ലഭ്യമാക്കിയ കാലതാമസപത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ii) 2022-2023 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രിക

(ഫയൽ നം. 890/സബ്.സി.ഇ2/2023/ലെജി.)

[ഗവ. റഫറൻസ് നം. 2341532/പി.എ.സി എ3/6/2023-ധന, തീയതി - 11.11.2024]

2022-2023 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടിൻമേൽ 11.11.2024-ലെ കത്ത് പ്രകാരം ധനകാര്യ (പി.എ.സി.-എ) വകുപ്പ് ലഭ്യമാക്കിയ കാലതാമസപത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(iii) 2021-2022 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രിക

(ഫയൽ നം. 739/സബ്.സി.ഇ2/2022/ലെജി.)

[ഗവ. റഫറൻസ് നം. ബി1/4/22-എസ്.വൈ.എ, തീയതി - 14.06.2023]

2021-2022 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടിൻമേൽ 14.06.2023-ലെ കത്ത് പ്രകാരം കായിക യുവജനകാര്യ (ബി) വകുപ്പ് ലഭ്യമാക്കിയ കാലതാമസപത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

കാലതാമസം വരുത്താതെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കുവാൻ വകുപ്പുകൾ ശ്രദ്ധിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിച്ചു.

V. **നിയമസഭാ ചട്ടം 235 (എ) പ്രകാരമുള്ള ചർച്ച**

(ഫയൽനം.18534/സബ്.സി.ഇ2/2024/ലെജി.)

[ഗവ. റഫറൻസ് നം. ജി1/112/2025-നികുതി, തീയതി - 03.06.2025]

തുടർന്ന് സമിതി നിയമസഭാ ചട്ടം 235 (എ) പ്രകാരം "സംസ്ഥാനത്തെ ലഹരി വിമോചന പദ്ധതികൾ- കാര്യക്ഷമമാക്കൽ" എന്ന വിഷയത്തിൽ ചർച്ച നടത്തി.

എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കുക, 'വിമുക്തി' പദ്ധതി നടപ്പിലാക്കുക എന്നീ പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പ് പ്രധാനമായും ലഹരി ബോധവൽക്കരണവുമായി ബന്ധപ്പെട്ട് നടത്തുന്നതെന്നും 'വിമുക്തി' പദ്ധതി നടപ്പിലാക്കുന്നത് ബോധവൽക്കരണം, കൗൺസിലിങ്, ലഹരിവിമുക്ത ചികിത്സ എന്നീ മൂന്ന് ഘട്ടങ്ങളിലായാണെന്നും പഠനം കഴിഞ്ഞുള്ള സമയം കുട്ടികളുടെ കർമ്മശേഷി ക്രിയാത്മകമായി വിനിയോഗിക്കുന്നതിനും അവരുടെ കലാപരവും കായികപരവുമായ കഴിവിനെ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ളതാണ് ഉണർവ് പദ്ധതിയെന്നും അഡീഷണൽ എക്സൈസ് കമ്മീഷണർ സമിതിയിൽ വിശദീകരിച്ചു. ഈ പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ കായിക പരിശീലനം, കായികോപകരണങ്ങളുടെ വിതരണം, അടിസ്ഥാന സൗകര്യ വികസനം എന്നിവ നടപ്പിലാക്കുന്നുണ്ടെന്നും നിലവിൽ സംസ്ഥാനത്ത് 29 സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുള്ള ഉണർവ് പദ്ധതി 2025-26 വർഷം കൂടുതൽ സ്കൂളുകളിൽ വ്യാപിപ്പിക്കുന്നതാണെന്നും തുടർന്ന് കമ്മീഷണർ സമിതിയെ അറിയിച്ചു.

ലഹരിക്കെതിരെയുള്ള ക്യാമ്പയിൻ വിജയകരമായി നടപ്പിലാക്കുന്നതിന് പോലീസും എക്സൈസ് ഉദ്യോഗസ്ഥരും സംസ്ഥാനത്ത് എത്തുന്ന വാഹനങ്ങളിലൂൾപ്പെടെ കർശനമായ പരിശോധന നടത്തേണ്ടത് അത്യാവശ്യമായതിനാൽ അതിനുവേണ്ടി കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി, വകുപ്പിന് നിർദേശം നൽകുകയും എക്സൈസ് വകുപ്പും പോലീസ് വകുപ്പും ലഹരി വ്യാപനം തടയുന്നതിനായി പൊതുജനപിന്തുണയോടെ വാഹന പരിശോധനകൾ നടത്തുന്നുണ്ടെന്നും ഇതുസംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനായി എക്സൈസ്-പോലീസ് വകുപ്പുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വാട്ട്സാപ്പ് നമ്പറുകൾ വളരെയധികം ഫലപ്രദമാണെന്നും തുടർന്ന് വിലയിരുത്തുകയും ചെയ്തു.

കൃത്യമായ പരിശോധനകൾ നടത്തിയാൽ ഒരു പരിധിവരെ ലഹരി വസ്തുക്കളുടെ ഉപയോഗം കുറയ്ക്കാൻ സാധിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടതിന് ആർ.പി.എഫ്.-മായി ചേർന്ന് ട്രെയിനുകളിൽ ലഹരിയുമായി ബന്ധപ്പെട്ട പരിശോധന നടത്തുന്നുണ്ടെന്നും വകുപ്പ് സമിതിയെ അറിയിച്ചു.

ഇത്തരം പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ ലഹരിയുടെ ഉപയോഗത്തിൽ കുറവുവന്നിട്ടുണ്ടെന്ന് അനുമാനിച്ച സമിതി തുടർന്നും ലഹരി വസ്തുക്കളുടെ പരിശോധന കർശനമായി നടത്തേണ്ടതാണെന്ന് വകുപ്പിന് നിർദേശം നൽകി ചർച്ച അവസാനിപ്പിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 12.15-ന് അവസാനിച്ചു.

* * * * * * * *

2) 18.09.2025- ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII, 2025 സെപ്റ്റംബർ മാസം 18-ാം തീയതി, വ്യാഴാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 5.15-ന് നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുമായ ശ്രീ. കെ. എൻ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ, സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ്, ബഹു. രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. ഡി. കെ. മുരളി
2. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
3. ശ്രീ. എൻ. ഷംസുദ്ദീൻ
4. ശ്രീ. കെ. വി. സുമേഷ്
5. ശ്രീ. ഇ. കെ. വിജയൻ

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി അമ്പിളി പി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. അജിത് പാട്ടീൽ, കമ്മീഷണർ ഓഫ് സ്റ്റേറ്റ് ടാക്സ്, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്
2. ശ്രീമതി ജി. എസ്. ആശ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീ. ബി. പ്രതാപചന്ദ്രൻ, അഡീഷണൽ നിയമ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീ. ബിജുകുമാർ ആർ., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീ. പ്രമോദ് എം. വി., അഡീഷണൽ സെക്രട്ടറി, നികുതി വകുപ്പ്
6. ശ്രീ. വിനോദ് ജി., ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്
7. ശ്രീ. സൺദേവ് എൻ., ജോയിന്റ് സെക്രട്ടറി, ന്യൂനപക്ഷ ക്ഷേമ വകുപ്പ്
8. ശ്രീ. ഗിരീഷ്കുമാർ ജി., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
9. ശ്രീ. രാജേഷ് അന്തോളി, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
10. ശ്രീ. പി. കെ. സാജൻകുമാർ, ജോയിന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ, രജിസ്ട്രേഷൻ വകുപ്പ്
11. ശ്രീമതി സ്മിതാ ശശി, ഡെപ്യൂട്ടി കമ്മീഷണർ, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്

12. ശ്രീമതി രജനി എം., ഡെപ്യൂട്ടി സെക്രട്ടറി, നികുതി വകുപ്പ്

13. ശ്രീമതി രജനി സി., ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്

14. ശ്രീമതി സുമംഗലാ ദേവി കെ. എൻ., ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ, രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ്

15. ശ്രീ. മുരുകേശൻ ഡി., ലാ ഓഫീസർ, O/o. ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ

16. ശ്രീമതി ശോഭ റ്റി. സി., സ്റ്റേറ്റ് ടാക്സ് ഓഫീസർ, ചരക്കുസേവന നികുതി വകുപ്പ്

സമിതി, The Kerala General Sales Tax (Amendment) Bill, 2024, 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ, സമിതിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വകുപ്പുകൾ ലഭ്യമാക്കിയ നടപടി പത്രികകൾ, കരട് റിപ്പോർട്ടുകൾ, കേരള നിയമസഭാ സെക്രട്ടേറിയറ്റിൽ നിയമസഭാ സമിതികളുമായി ബന്ധപ്പെട്ട് വളരെക്കാലമായി കുടിശ്ശികയുള്ള ഫയലുകളിൻമേൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്ന നടപടികളുടെ ഭാഗമായ ഫയൽ അദാലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഫയൽ വിഷയങ്ങൾ എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. സമിതിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ വിവിധ ശിപാർശകളിൻമേൽ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന

(ഫയൽ നം. 11735/സബ്.സി.ഇ2/2024/ലെജി., KLS/948/2025-Subc E2)

[ഗവ. റഫറൻസ് നം. MW2/135/2024-GAD , തീയതി - 01.07.2025]

[ഗവ. റഫറൻസ് നം. PWR-A3/152/2024-POWER , തീയതി - 08.07.2025]

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക നം. 32-ലെ ശിപാർശയിൻമേൽ പൊതുഭരണ (ന്യൂനപക്ഷക്ഷേമം) വകുപ്പ് 01.07.2025-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടിപത്രിക സമിതി പരിഗണിച്ച വേളയിൽ, പ്രസ്തുത ശീർഷകവുമായി ബന്ധപ്പെട്ട് അധികമായി ആവശ്യപ്പെട്ട തുക അനുവദിച്ചില്ലെന്ന മറുപടിയാണ് വകുപ്പ് സമിതി മുമ്പാകെ ലഭ്യമാക്കിയിരുന്നതെന്നും എന്നാൽ, പിന്നീട്, ധനകാര്യ വകുപ്പിൽനിന്നും തുക അനുവദിച്ചുവെന്നും വകുപ്പിൽ നിന്നും അറിയിച്ചു. ആയതിൻ പ്രകാരമുള്ള ഭേദഗതികളോടെ പ്രസ്തുത നടപടിപത്രികയും ഖണ്ഡിക നം. 7-ലെ ശിപാർശയിൻമേൽ 08.07.2025-ലെ കത്ത് പ്രകാരം ഊർജ്ജ (എ) വകുപ്പ് ലഭ്യമാക്കിയ നടപടിപത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

II. ബില്ലുകളുടെ പരിഗണന

1. The Kerala General Sales Tax (Amendment) Bill, 2024 (Bill No. 191)

സമിതി പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ബന്ധപ്പെട്ട വകുപ്പ്

ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചുവടെ ചേർത്തിട്ടുള്ള ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

Enacting Formula

For the words and symbol “Seventy-fifth”, the words and symbol “Seventy-sixth” shall be substituted.

Clause (1)

In sub-clause (1), for the figure “2024”, the figure “2025” shall be substituted.

പ്രസ്തുത ബില്ലിലെ വ്യവസ്ഥകളിന്മേൽ സമിതിയംഗങ്ങളായ സർവ്വശ്രീ കെ. ബാബു (തൃപ്പൂണിത്തുറ), തിരുവഞ്ചൂർ രാധാകൃഷ്ണൻ, എൻ. ഷംസുദ്ദീൻ എന്നിവർ വിയോജനക്കുറിപ്പ് നൽകി.

2. 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ (ബിൽ നം. 266)

പ്രസ്തുത ബിൽ സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും തുടർന്ന് ചുവടെ ചേർത്തിട്ടുള്ള ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

19-ാം ഖണ്ഡം

ബില്ലിലെ 19-ാം ഖണ്ഡം, വിശദീകരണത്തിൽ "കണക്കാക്കപ്പെടുന്നതുമാണ്" എന്ന വാക്കിന് പകരം "കണക്കാക്കപ്പെടുന്നതാണ്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

24-ാം ഖണ്ഡം

ബില്ലിലെ 24-ാം ഖണ്ഡത്തിൽ "കുടിശ്ശികയ്ക്കായോ" എന്ന വാക്കിന് ശേഷം "," എന്ന ചിഹ്നവും "ഈടാക്കുന്നതിനായോ" എന്ന വാക്കിന് പകരം "ഈടാക്കുന്നതിനായി" എന്ന വാക്കും ചേർക്കേണ്ടതാണ്.

28-ാം ഖണ്ഡം

ബില്ലിലെ 28-ാം ഖണ്ഡം (1)-ാം ഉപഖണ്ഡത്തിൽ "പിരിച്ചുവിടാവുന്നതാണ്" എന്ന വാക്കിന് പകരം "പിരിച്ചുവിടാവുന്നതുമാണ്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

31-ാം ഖണ്ഡം

ബില്ലിലെ 31-ാം ഖണ്ഡം (2)-ാം ഉപഖണ്ഡത്തിൽ "നിശ്ചയിക്കുന്നതിന്" എന്ന വാക്കിന് പകരം "നിയോഗിക്കുന്നതിന്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

35-ാം ഖണ്ഡം

ബില്ലിലെ 35-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം ഇനം (i), (ii) എന്നിവയിൽ "കേന്ദ്ര ഓഫീസിലോ" എന്നീ വാക്കുകൾക്ക് പകരം "രജിസ്റ്റർ ചെയ്യപ്പെട്ട ഓഫീസിലോ" എന്നീ വാക്കുകളും ഇനം (iii)-ൽ "കേന്ദ്ര ഓഫീസിൽ" എന്നീ വാക്കുകൾകൾക്ക് പകരം "രജിസ്റ്റർ ചെയ്യപ്പെട്ട ഓഫീസിൽ" എന്നീ വാക്കുകളും ചേർക്കേണ്ടതാണ്.

37-ാം ഖണ്ഡം

ബില്ലിലെ 37-ാം ഖണ്ഡം (3)-ാം ഉപഖണ്ഡത്തിലെ നിലവിലുള്ള ക്ലിപ്തനിബന്ധന, പ്രസ്തുത വകുപ്പിന്റെ (2)-ാം ഉപഖണ്ഡത്തിന്റെ ക്ലിപ്തനിബന്ധനയായി ചേർക്കേണ്ടതും (3)-ാം ഉപഖണ്ഡത്തിലെ ക്ലിപ്ത നിബന്ധന ഒഴിവാക്കേണ്ടതുമാണ്.

40-ാം ഖണ്ഡം

ബില്ലിലെ 40-ാം ഖണ്ഡം ഇനം (i)-ൽ "13-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിലെയോ, (2)-ാം ഉപവകുപ്പിലെയോ" എന്നീ വാക്കുകൾക്കും അക്കങ്ങൾക്കും പകരം, "15-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിലെയോ, (2)-ാം ഉപവകുപ്പിലെയോ" എന്നീ വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

പ്രസ്തുത ബില്ലിലെ വ്യവസ്ഥകളിന്മേൽ സമിതിയംഗങ്ങളായ സർവ്വശ്രീ കെ. ബാബു (തൃപ്പൂണിത്തുറ), തിരുവഞ്ചൂർ രാധാകൃഷ്ണൻ, എൻ. ഷംസുദ്ദീൻ എന്നിവർ വിയോജനക്കുറിപ്പ് നൽകി.

III. കരട് റിപ്പോർട്ടുകളുടെ പരിഗണന

സമിതി, 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് എന്നിവയുടെ കരടുകൾ പരിഗണിക്കുകയും ആക്ഷൻ ടേക്കൺ റിപ്പോർട്ടിലെ ഖണ്ഡിക 32-ലെ നടപടിപത്രിക ഭേദഗതിയോടെയും ആനുകാലിക റിപ്പോർട്ട് ഭേദഗതികൾ കൂടാതെയും അംഗീകരിക്കുകയും ചെയ്തു.

IV. ഫയൽ അദാലത്തിന്റെ ഭാഗമായി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ വിഷയങ്ങൾ

1. 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ആക്റ്റ്-കരട് ചട്ടം ലഭ്യമാക്കാത്തത് സംബന്ധിച്ച്.

(ഫയൽ നം. KLS/743/2025-Subc E2,
മുൻ ഫയൽ നം.147/സബ്.സി.ഇ2/2022/നി.സെ.)

2. 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ നികുതി വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 1 മുതൽ 2 വരെയുള്ള ശിപാർശകളിന്മേലുള്ള നടപടിപത്രിക ലഭ്യമാക്കാത്തത് സംബന്ധിച്ച്.

(ഫയൽ നം. KLS/3239/2025-Subc E2,
മുൻ ഫയൽ നം.5494/സബ്.സി.ഇ2/2023/ലെജി.)

കേരള നിയമസഭാ സെക്രട്ടേറിയറ്റിൽ നിയമസഭാ സമിതികളുമായി ബന്ധപ്പെട്ട് വളരെക്കാലമായി കുടിശ്ശികയുള്ള ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായുള്ള ഫയൽ അദാലത്തിന്റെ ഭാഗമായി, 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ആക്റ്റിൻമേലുള്ള കരട് ചട്ടം, സമിതിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർ

ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 1 മുതൽ 2 വരെയുള്ള ശിപാർശകളിന്മേലുള്ള നടപടിപത്രിക എന്നിവ നികുതി വകുപ്പ് നാളിതുവരെ സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്ത വിഷയം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും പ്രസ്തുത കരട് ചട്ടം, നടപടിപത്രിക (കാലതാമസപത്രിക സഹിതം) എന്നിവ അടിയന്തരമായി ലഭ്യമാക്കുന്നതിന് നികുതി വകുപ്പിന് സമിതി നിർദേശം നൽകുകയും ചെയ്തു.

യോഗം വൈകുന്നേരം 6.10-ന് അവസാനിച്ചു.

****

3) 10-02-2026-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2026 ഫെബ്രുവരി മാസം 10-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-ബി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും ബഹു. ധനകാര്യ വകുപ്പുമന്ത്രിയുമായ ശ്രീ. കെ. എൻ. ബാലഗോപാലിന്റെ അധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തിരുന്നു.

ഹാജരായ അംഗം:

ശ്രീ. ഇ. കെ. വിജയൻ

വീഡിയോ കോൺഫറൻസിങ് മുഖേന ഹാജരായ അംഗങ്ങൾ:

1. ശ്രീ. ഡി. കെ. മുരളി
2. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. എ. ജാഫർ ഖാൻ, ജോയിന്റ് സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. അജിത് പാട്ടീൽ, സെക്രട്ടറി, ധനകാര്യ (റിസോഴ്സസ്) വകുപ്പ് & കമ്മീഷണർ, കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്
2. ഡോ. വീണ എൻ. മാധവൻ, സെക്രട്ടറി, കായിക-യുവജനകാര്യ വകുപ്പ്
3. ശ്രീമതി ലതാകുമാരി എം. ബി., അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
4. ശ്രീ. റ്റി. ആർ. ജയപാൽ, അഡീഷണൽ സെക്രട്ടറി, റവന്യൂ (എഫ്) വകുപ്പ്
5. ശ്രീ. മുഹമ്മദ് റിയാസ്, അഡീഷണൽ സെക്രട്ടറി, പൊതുഭരണ (സൈനികക്ഷേമ) വകുപ്പ്
6. ശ്രീമതി സിന്ധു പി. വി., അഡീഷണൽ സെക്രട്ടറി, കേരള വാല്യൂ ആഡഡ് ടാക്സ്/ അഗ്രികൾച്ചറൽ ഇൻകം ടാക്സ് & സെയിൽസ് ടാക്സ് അപ്പലേറ്റ് ട്രൈബ്യൂണൽ, തിരുവനന്തപുരം

7. ശ്രീ. ജാഫർ എ. എം., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
8. ഡോ. മിഥുൻ പ്രേംരാജ്, ഡയറക്ടർ, സംസ്ഥാന ലോട്ടറി വകുപ്പ്
9. ശ്രീമതി മിനിമോൾ കെ. ജി., ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്
10. ശ്രീ. വി. സാജൻ, ഡയറക്ടർ, ട്രഷറി വകുപ്പ്
11. ശ്രീമതി ശ്രീലക്ഷ്മി ആർ., അഡീഷണൽ കമ്മീഷണർ, കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്
12. ശ്രീ. മുഹമ്മദ് ഷഫീഖ്, അഡീഷണൽ കമ്മീഷണർ, കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്
13. ശ്രീ. പ്രദീപ് കുമാർ ആർ., ഡയറക്ടർ (ഇൻ-ചാർജ്), ധനകാര്യ (ദേശീയ സമ്പാദ്യപദ്ധതി) വകുപ്പ്
14. ശ്രീമതി ഷൈലമ്മ കെ., അഡീഷണൽ ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
15. ശ്രീ. സൺദേവ് എൻ., ജോയിന്റ് സെക്രട്ടറി, ന്യൂനപക്ഷ ക്ഷേമ വകുപ്പ്
16. ശ്രീ. മനോജ് കെ., ജോയിന്റ് സെക്രട്ടറി, ധനകാര്യ (ടാക്സസ്) വകുപ്പ്
17. മേജർ ഷിജു ഷെരീഫ് (റിട്ട.), ഡയറക്ടർ-ഇൻ-ചാർജ്, സൈനിക ക്ഷേമ വകുപ്പ്
18. ശ്രീ. വിനോദ് ജി., ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
19. ശ്രീമതി ബുഷ്റ എസ്. ദീപ, ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്
20. ശ്രീ. കെ. ജെ. ജോസഫ്, ഡയറക്ടർ, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (ഗിഫ്റ്റ്)
21. ശ്രീ. എം. ബി. ഷാഹീർ, ഡിവിഷണൽ ഓഫീസർ, സംസ്ഥാന വഖഫ് ബോർഡ്

സമിതി, 2026-2027 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന V, X, XI, XVI, XXVIII, XLIII, XLV, XLVI എന്നീ നമ്പർ ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് വകുപ്പുകളിൽ നിന്ന് ലഭിച്ച കുറിപ്പുകൾ പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകൾ/ നിർദേശങ്ങൾ നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

<u>ധനാഭ്യർത്ഥന നമ്പർ V –ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും</u>

2040-00-188-99 - <u>ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ (ഗിഫ്റ്റ്)</u>

31 - <u>സഹായധനം - ശമ്പളം</u>

അക്കാദമിക് സ്റ്റാഫുകളുടെ ശമ്പള ബാധ്യത നിറവേറ്റുന്നതിന് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഒരു കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/

ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

36 - സഹായധനം - ശമ്പളേതരം

ഗവേഷണ പഠനം, ഇ-ജേണൽ, പി.എച്ച്.ഡി. ഫെലോഷിപ്പ്, പ്രാദേശിക സാമ്പത്തിക ഗവേഷണസെല്ലിന്റെ രൂപീകരണം, ഓഫീസ് ഓട്ടോമേഷൻ, ഗവേഷണത്തിനു വേണ്ട ഡേറ്റ ബേസ് മുതലായവയ്ക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനത്തിൽ 4.7291 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2040-00-101-98 - വിൽപന നികുതി അപ്പലേറ്റ് ട്രൈബ്യൂണൽ

45 - പി.ഒ.എൽ.

ജുഡീഷ്യൽ ഓഫീസർമാർക്ക് 300 കി.മീ. വരെ സ്വകാര്യ ആവശ്യങ്ങൾക്ക് വാഹനങ്ങൾ ഉപയോഗിക്കേണ്ടതുള്ളതിനാൽ നിലവിൽ അനുവദിച്ച തുക പര്യാപ്തമല്ല. ഈ ശീർഷകത്തിൽ 1.95 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

06 - വാടക, കരം, നികുതി

ട്രൈബ്യൂണൽ ചെയർമാന്റെയും ജുഡീഷ്യൽ മെമ്പർമാരുടെയും ഓഫീസ് വാടക കുടിശ്ശിക കൊടുത്തു തീർക്കാനുള്ളതിനാൽ വാടക ഇനത്തിൽ അധികമായി 2 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-2 - മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

ഓഫീസ് ചെയർമാന്റെയും അഡീഷണൽ ബെഞ്ചിലെ ജുഡീഷ്യൽ ഓഫീസറുടെയും ഉൾപ്പെടെ വകുപ്പിലെ ഔദ്യോഗിക വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ **45,000/-** രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-3 - മോട്ടോർ വാഹനങ്ങൾ- ഇൻഷുറൻസ്

വകുപ്പിലെ ഔദ്യോഗിക വാഹനങ്ങളുടെ ഇൻഷ്വറൻസ് ആവശ്യത്തിനായി നിലവിലെ വിഹിതം അപര്യാപ്തമാകയാൽ അധികമായി **6000/-** രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

05-2 - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

വൈദ്യുതി ബില്ലിന്റെ കുടിശ്ശിക നൽകേണ്ടതിനാൽ ഈ ശീർഷകത്തിൽ അധികമായി 10,000 രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ

ചെയ്യാൻ സമിതി തീരുമാനിച്ചു.

2043-00-001-93 - ഐ.ടി. അടിസ്ഥാന സൗകര്യ വികസനം- വിവര സാങ്കേതിക സൗകര്യങ്ങൾ

കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ പുതിയ സോഫ്റ്റ്‌വെയർ വികസിപ്പിക്കൽ, ഡാറ്റാ അനലറ്റിക്സ് ആൻഡ് ആപ്ലിക്കേഷൻ വികസനം, ചരക്കു വാഹന നിരീക്ഷണത്തിനായുള്ള ഇന്റലിജന്റ് എ.എൻ.പി.ആർ സിസ്റ്റം, എസ്.ജി.എസ്. ഓഫീസുകളിൽ കേന്ദ്രീകൃത യു.പി.എസ്. ആൻഡ് ലാൻ എന്നിവ സ്ഥാപിക്കൽ, എസ്.ഡി.സി. 2-ലെ ഫയർവാളുകൾ മാറ്റി സ്ഥാപിക്കൽ, ഡാറ്റാധിഷ്ഠിത തീരുമാന പിന്തുണ സിസ്ററം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ അധികമായി 35.22 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2043-00-001-92 - പൊതു അവബോധവും കാര്യക്ഷമത മെച്ചപ്പെടുത്തലും.

വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടികൾ ഉൾപ്പെടെ കാര്യക്ഷമത മെച്ചപ്പെടുത്തലുകൾക്കായി അധികമായി 2 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2043-00- 101-97 - ചരക്കു സേവന നികുതി കാര്യാലയങ്ങൾ

15 - രഹസ്യ സേവന ചെലവുകൾ

സംസ്ഥാന ഇന്റലിജൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ നികുതി വെട്ടിപ്പുകൾക്ക് തടയിടുന്ന വിപുലമായ പ്രവർത്തനങ്ങൾക്കും, ഇൻഫോർമർ മാനേജ്മെന്റ് റിവാർഡ് നൽകൽ, മറ്റ് സ്രോതസ്സുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് സെർച്ച് നടത്തി സർക്കാരിലേക്ക് നികുതി വരുമാനം വർദ്ധിപ്പിക്കൽ എന്നീ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ അധികമായി 2 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

5475-00-800-80-(03) – നികുതി വകുപ്പ് സംസ്ഥാന ജി.എസ്.ടി. സമുച്ചയത്തിന്റെ നിർമ്മാണം

ചെക്ക് പോസ്റ്റുകളുടെ പരിപാലനത്തിനും പൊതുവായ ഓഫീസുകളുടെ നവീകരണത്തിനുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2045-00-103-99 - ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിലെ ജീവനക്കാരുടെ ചികിത്സാ ചെലവ്, യാത്രാബത്ത, തപാൽ സ്റ്റാമ്പുകൾ വാങ്ങുന്നത് ഉൾപ്പെടെയുള്ള ചെലവുകൾ, വാഹന അറ്റകുറ്റ പണികൾ, ഇന്ധനം, മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാൻഡേർഡ്സ് ലാബോറട്ടറിയിലേക്ക് ആവശ്യമായ സീലുകളുടെ വാങ്ങൽ, ഔദ്യോഗിക ഭാഷ നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവയ്ക്കായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 12 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2045-00-200-99 - സംഭരണ ചെലവുകൾ - മറ്റ് നികുതികളും തീരുവകളും - ലൈസൻസിംഗ് ബോർഡ്

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ ഭാഗമായിട്ടുള്ള കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് നടത്തുന്ന വയർമാൻ പരീക്ഷ 14 ജില്ലകളിൽ നടത്തുന്ന ചെലവിലേക്കായി നിലവിലെ ബജറ്റ് വിഹിതത്തിന് പുറമെ 4 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനീയർമാരെ തെരെഞ്ഞെടുക്കുന്ന ചെലവുകൾ വഹിക്കുന്നതിന് നിലവിൽ ബജറ്റ് വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ, ആയതിനു വേണ്ടി 2045-00-200-96 എന്ന പുതിയ ശീർഷകം അനുവദിക്കണമെന്നും ആയതിൽ 2 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ധനാഭ്യർത്ഥന നമ്പർ X – ട്രഷറികളും അക്കൗണ്ടുകളും

2054-00-098-99 - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

06 - വാടക, കരം, നികുതി

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 10 ഉപകാര്യാലയങ്ങളുടെ പ്രതിമാസ വാടക, മറ്റ് കാര്യാലയങ്ങളുടെ പ്രോപ്പർട്ടി ടാക്സ് തുടങ്ങിയവയ്ക്കായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത ശീർഷകത്തിൽ അധികമായി 14.20 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ധനാഭ്യർത്ഥന നമ്പർ XI – ജില്ലാ ഭരണവും പലവകയും

2047-00-103-87 - ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റ്മാർക്കും എസ്.എ.എസ്. ഏജന്റ്മാർക്കും അധിക സേവനത്തിന് നൽകുന്ന പ്രതിഫലം

2026-27 സാമ്പത്തിക വർഷം ഏജന്റുമാർക്ക് അധികസേവനത്തിനുള്ള പ്രതിഫലം

വിതരണം ചെയ്യുന്നതിനും മുൻവർഷങ്ങളിലെ പ്രതിഫല കുടിശ്ശിക നൽകുന്നതിനും ഈ ശീർഷകത്തിൽ അധികമായി 47 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2047-00-103-85-10 –എം.പി.കെ.ബി.വൈ. / എസ്.എ.എസ്. ഏജന്റുമാരുടെ ക്ഷേമനിധിക്കായുള്ള സംസ്ഥാന സർക്കാരിന്റെ തത്തുല്യ വിഹിതം - സംഭാവന

നടപ്പു വർഷം ക്ഷേമനിധിയിൽ ഏജന്റുമാരുടെ വിഹിതമായി 1.4040 കോടി രൂപ പ്രതീക്ഷിക്കുന്നതിനാൽ ഇതിന്റെ 50% തുകയാണ് സർക്കാർ വിഹിതമായി വകയിരുത്തേണ്ടത്. ആയതിനാൽ നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതത്തിനു പുറമെ 43.82 ലക്ഷം രൂപ ടി ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ധനാഭ്യർത്ഥന നമ്പർ XVI – പെൻഷനും പലവകയും

2071-01-101-91- വിരമിച്ച പി.എസ്.സി. അംഗങ്ങളുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും വിരമിച്ച അംഗങ്ങളുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിന് നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ നടപ്പു സാമ്പത്തിക വർഷം ബജറ്റ് വിഹിതത്തിന് പുറമെ ഈ ശീർഷകത്തിൽ 90 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-800-81 - കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് അംശദാനം

2025 ഹജ്ജിന്റെ ഭാഗമായി സംസ്ഥാന ഹജ്ജ് ഇൻസ്പെക്ടർമാരെ നിയോഗിച്ചതിന്റെ സംസ്ഥാന വിഹിതം കേന്ദ്രത്തിൽ അടക്കുന്നതിനും കണ്ണൂർ ഹജ്ജ് ക്യാമ്പ് ചെലവുകൾക്കും മേൽ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ അധികമായി 3.55 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-103-94 - സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ്

17 - ചെറുകിട മരാമത്തു പണികൾ

ഭാഗ്യക്കുറി വകുപ്പിലെ 6 ജില്ലാ ഓഫീസുകൾ, 7 സബ് ഓഫീസുകൾ എന്നിവ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായുള്ള നവീകരണ പ്രവർത്തനങ്ങൾക്കും, മറ്റു മരാമത്ത് പണികൾക്കുള്ള ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ അധികമായി 4.7499 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

99 – <u>വിവരസാങ്കേതിക വിദ്യ</u>

ഭാഗ്യക്കുറി വകുപ്പിന്റെ സോഫ്റ്റ്‌വെയർ ഹാർഡ് വെയർ സംബന്ധമായ ചെലവുകൾക്കും സി.സി.ടി.വി. അധികമായി സ്ഥാപിക്കുന്നതിനും എ.എം.സി. തുകകൾ, Revamp of State Lotteries, Official Website, Security document Composing tool, Prize Machine, design, Soft ware Purchasing, Security audit of mobile application എന്നിവയുമായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാകയാൽ അധികമായി 2.1011 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-800-98 – <u>രാജീവ് ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജി – സഹായധനം</u>

അക്കാഡമിയിൽ നിലവിൽ മൂന്ന് സിംഗിൾ എഞ്ചിൻ വിമാനങ്ങൾ ആണ് ഉള്ളത്. നിലവിലെ 39 ട്രെയിനികൾക്കും 2025-26 ബാച്ചിലെ 11 ട്രെയിനികൾക്കും ഈ മൂന്ന് വിമാനങ്ങൾ കൊണ്ട് പറക്കൽ പരിശീലനം നടത്തുവാൻ പ്രയാസമായതിനാലും കണ്ണൂർ വിമാനത്താവളം സാറ്റ്‌ലൈറ്റ് ബേസാക്കി പരിശീലനം പുനരാരംഭിച്ച സ്ഥിതിയ്ക്കും വിമാനങ്ങളുടെ കുറവ് മൂലം സമയത്തിന് ട്രെയിനികൾക്ക് കോഴ്സ് പൂർത്തീകരിക്കാൻ സാധിക്കാത്തതിനാലും തിരുവനന്തപുരത്തും കണ്ണൂരിലും പരിശീലനം നടത്തുന്നതിന് രണ്ട് സിംഗിൾ എൻജിൻ വിമാനവും ഒരു സിമുലേറ്ററും അക്കാഡമിയ്ക്ക് വാങ്ങുന്നതിനായി 2075-00-800-98-35 എന്ന ശീർഷകത്തിൽ അധികമായി 11 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-800- 78 – <u>വഖഫ് ബോർഡിന്റെ സാമൂഹ്യ ക്ഷേമ പ്രവർത്തനത്തിനു വേണ്ടിയുള്ള പ്രത്യേക ധന സഹായം</u>

സോഷ്യൽ വെൽഫെയർ സ്കീം (കേരള) പ്രകാരം വിവിധ തീയതികളിലായി സാങ്ഷൻ കമ്മിറ്റി പാസ്സാക്കിയിട്ടുള്ള അപേക്ഷകളിന്മേൽ കുടിശ്ശികയായിട്ടുള്ള തുക നൽകുന്നതിന് നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമാകയാൽ പ്രസ്തുത ശീർഷകത്തിൽ അധികമായി 8.68 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ധനാഭ്യർത്ഥന നമ്പർ **XXVIII – പലവക സാമ്പത്തിക സർവ്വീസുകൾ**

3454-02-203-98 – <u>ഡയറക്ടറേറ്റിൽ ഒരു സംഗണക വിഭാഗം സ്ഥാപിക്കുന്നതിന്</u>

ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയുമായി ചേർന്ന് വികസിപ്പിക്കുന്ന ഇ.എ.ആർ.എ.എസ്. മോഡ്യൂളിന്റെ കുടിശ്ശിക നൽകുന്നതിനും രണ്ടാം ഘട്ട മോഡ്യൂളായ പ്രൈസസ് ആൻഡ് എം. ഐ. പ്രൈസസ് വികസനത്തിനായും ഈ ശീർഷകത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ

അധികമായി 1.6772 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3454-02-111-89- കാർഷിക സ്ഥിതി വിവരക്കണക്ക് പദ്ധതിയുടെ മെച്ചപ്പെടുത്തൽ - ഇ.എ.ആർ.എ.എസ് **(100%** സി.എസ്.എസ്.)

ഇ.എ.ആർ.എ.എസ്. പദ്ധതിയിൻ കീഴിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ യാത്രാബത്ത, സ്ഥലമാറ്റ ബത്ത, അവധി യാത്രാനുകൂല്യം ഇനങ്ങളിലുള്ള കുടിശ്ശിക നൽ കുന്നതിനായി അധിക തുക ആവശ്യമാണ്. ആയതിനാൽ നിലവിലെ ബജറ്റ് വിഹിതത്തിനുപുറമെ 14.81133 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3454-02-111-99 - സംസ്ഥാന വരുമാന സ്ഥിതി വിവരക്കണക്കു വിഭാഗം

സംസ്ഥാന വരുമാന വിഭാഗത്തിന്റെ കീഴിൽ ജില്ലകളിൽ ഉൾപ്പെടെ ജോലി ചെയ്യുന്ന 10 ജീവനക്കാരുടെ യാത്രാബത്ത ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതിനായി നിലവിലെ ബജറ്റ് വിഹിതത്തിനു പുറമെ 31,116/- രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3454-02-111-97 - വിലയിരുത്തൽ ഘടകം

ഇവാല്യുവേഷൻ വിഭാഗത്തിൽ മണ്ണ് സർവ്വേയുമായി ബന്ധപ്പെട്ട് ജില്ലകളിൽ ഉൾ പ്പെടെ ജോലി ചെയ്യുന്ന ജീവനക്കാരുടെ യാത്രാബത്ത ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതിന് 66,203/- രൂപ കൂടി ആവശ്യമായതിനാൽ പ്രസ്തുത തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർ ത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3454-02-112-99 - ഇക്കണോമിക്സ് സ്റ്റാറ്റിസ്റ്റിക്സ് ബ്യൂറോ

എസ്.ആർ.എസ്.-മായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന 175 പാർട്ട് ടൈം എന്യൂമറേറ്റർ മാർക്കുള്ള ഓണറേറിയം കഴിഞ്ഞ വർഷത്തെ കുടിശ്ശികയടക്കം നൽകുന്നതിനായും 666 ജീവനക്കാരുടെ യാത്രാബത്ത, ട്രാൻസ്ഫർ ടി.എ., മെഡിക്കൽ റീ-ഇംബേഴ്സമെന്റ് എന്നിവയുടെ കുടിശ്ശിക നൽകുന്നതിനായും നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ അധികമായി 50.15694 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3454-02-112-98 - ദേശീയ സാമ്പിൾ സർവ്വേ

ദേശീയ സാമ്പിൾ സർവ്വേ വിഭാഗത്തിന്റെ കീഴിൽ ജില്ലകളിൽ ഉൾപ്പെടെ ജോലി ചെയ്യുന്ന 58 ജീവനക്കാരുടെ യാത്രാബത്ത ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതിനായി നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ അധികമായി 23,114 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3454-02-112-96 - <u>സർവ്വേയും പഠനവും</u>

സർവ്വേ രൂപകല്പന വിഭാഗത്തിന്റെ കീഴിൽ ജില്ലകളിൽ ഉൾപ്പെടെ ജോലി ചെയ്യുന്ന 44 ജീവനക്കാരുടെ യാത്രാബത്ത ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായി ബജറ്റ് വിഹിതത്തിനുപുറമെ 77,210/- രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3454-02-203-99 - <u>തദ്ദേശ സ്വയംഭരണ ഗവൺമെന്റ് സ്ഥാപനങ്ങളിൽ സ്ഥിതിവിവര കണക്കുകൾ വിപുലീകരിക്കുന്നതിന്</u>

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുന്നതിനും പദ്ധതി രൂപീകരണത്തിനും മറ്റുമായി ഏർപ്പെട്ടിരിക്കുന്ന സംസ്ഥാന/ ജില്ലാതല ഫീൽഡ് ജീവനക്കാർക്ക് യാത്രാബത്ത, ട്രാൻസ്ഫർ ടി.എ. കുടിശ്ശിക എന്നിവ നൽകുന്നതിനായി നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ് . ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ അധികമായി 11.7491 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ധനാഭ്യർത്ഥന നമ്പർ XLV – പലവക വായ്പകളും മുൻകൂറുകളും

7610-00-201-98 - <u>ഭവന നിർമ്മാണ വായ്പാ –സംസ്ഥാന സർവീസ് ഉദ്യോഗസ്ഥന്മാർ</u>

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പാപദ്ധതി പുന:സ്ഥാപിക്കുന്നതിനായി നിലവിലെ ബജറ്റ് വിഹിതത്തിനു പുറമേ 50 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

7610-00-800-93 - <u>അഖിലേന്ത്യാ സർവീസ് ഉദ്യോഗസ്ഥന്മാർക്കുള്ള മറ്റു മുൻകൂറുകൾ</u>

ആൾ ഇന്ത്യാ സർവീസസ് (മെഡിക്കൽ ഫെസിലിറ്റീസ്) സ്കീം 2020 പ്രകാരമുള്ള ചികിത്സാ വായ്പക്കുള്ള അപേക്ഷകൾ അടിയന്തര സ്വഭാവം ഉള്ളതും ഉയർന്ന തുക ആവശ്യപ്പെട്ടുകൊണ്ടുള്ളതുമായതിനാൽ നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാണ് . ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ അധികമായി 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ധനാഭ്യർത്ഥന നമ്പർ XLVI – സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

2235-60-110- 98 - <u>ജില്ലാ ആഫീസുകൾ</u>

05-4 - <u>ഓഫീസ് ചെലവുകൾ -മറ്റിനങ്ങൾ</u>

ഓഫീസ് നവീകരണം, സ്റ്റേഷനറി ചാർജ്ജ് എന്നിവ വഹിക്കുന്നതിനായി നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ അധികമായി **20** ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-60-110-99 - സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റ്

05-4 - ഓഫീസ് ചെലവുകൾ -മറ്റിനങ്ങൾ

പാസ്ബുക്ക്, പോളിസി സർട്ടിഫിക്കറ്റ് എന്നിവയുടെ അച്ചടി ചെലവ്, ഓഫീസ് നവീകരണം എന്നിവയ്ക്ക് നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമാകയാൽ പ്രസ്തുത ശീർഷകത്തിൽ അധികമായി **80** ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-60-110-99 - സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റ്

06 - വാടക, കരം, നികുതി

മൂന്ന് വർഷം കൂടുമ്പോൾ വാടക **15 %** വർദ്ധിക്കുന്ന സാഹചര്യത്തിൽ നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ ഒരു കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-60-110- 98 - ജില്ലാ ആഫീസുകൾ

06 - വാടക, കരം, നികുതി

ജില്ലകളിലെ ഓഫീസ് കെട്ടിടങ്ങൾ മാറ്റിയതിനാലും നിലവിലുള്ള കെട്ടിടത്തിന്റെ വാടക വർദ്ധിപ്പിച്ചതിനാലും നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ടി ശീർഷകത്തിൽ അധികമായി **1.30** കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-60-110- 97 - സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് കംപ്യൂട്ടർവൽക്കരണം

സോഫ്റ്റ് വെയർ അപ്ഗ്രേഡ് ചെയ്യുന്നതിനും വാർഷിക പരിപാലനത്തിനും പുതിയ കമ്പ്യൂട്ടർ വാങ്ങുന്നതിനും ഇ-ഓഫീസ് പ്രവർത്തനസജ്ജമാക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ അധികമായി **16.9** കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-60-110- 98 - ജില്ലാ ആഫീസുകൾ

04-1 - യാത്രാ ചെലവുകൾ- യാത്രാബത്ത

ജില്ലകളിൽ **25** ഡെവലപ്മെന്റ് ഓഫീസർമാർക്ക് യാത്രാബത്ത അനുവദിക്കേണ്ടതിനാൽ ടി ശീർഷകത്തിൽ അധികമായി **15** ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-60-110-99 - സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റ്

04-1 - യാത്രാ ചെലവുകൾ -യാത്രാ ബത്ത

ജില്ലാ ഓഫീസുകളിൽ ഇന്റേണൽ ഓഡിറ്റ് നടത്തേണ്ടതിനാൽ നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമാകയാൽ പ്രസ്തുത ശീർഷകത്തിൽ അധികമായി 10 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

(യോഗം ഉച്ചയ്ക്കുശേഷം 12.10-ന് പിരിഞ്ഞു.)

* * * * * * * * * * *

4) 11-02-2026-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2026 ഫെബ്രുവരി മാസം 11-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-ബി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും ബഹു. ധനകാര്യ വകുപ്പുമന്ത്രിയുമായ ശ്രീ. കെ. എൻ. ബാലഗോപാലിന്റെ അധ്യക്ഷതയിൽ (ഓൺലൈൻ മുഖേന) യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. ഡി. കെ. മുരളി
2. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

വീഡിയോ കോൺഫറൻസിങ് മുഖേന ഹാജരായ അംഗം:

ശ്രീ. ഇ. കെ. വിജയൻ

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. എ. ജാഫർ ഖാൻ., ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ബീന ഒ. എം., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. അജിത് പാട്ടീൽ, സെക്രട്ടറി, ധനകാര്യ (റിസോഴ്സസ്) വകുപ്പ് & കമ്മീഷണർ, കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്
2. ശ്രീമതി മീര കെ., ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ, രജിസ്ട്രേഷൻ വകുപ്പ്
3. ശ്രീ. എം. ആർ. അജിത് കുമാർ, എക്സൈസ് കമ്മീഷണർ, എക്സൈസ് വകുപ്പ്
4. ശ്രീ. പ്രമോദ് എം. വി., അഡീഷണൽ സെക്രട്ടറി, നികുതി വകുപ്പ്

5. ശ്രീ. വി. സാജൻ, ഡയറക്ടർ, ട്രഷറി വകുപ്പ്

6. ശ്രീമതി ശ്രീജ ജി. ആർ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

7. ശ്രീ. യൂസഫ് ഖാൻ എസ്., ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്

8. ശ്രീ. അഖിലേശൻ ജി. ആർ., ഫിനാൻസ് ഓഫീസർ, എക്സൈസ് വകുപ്പ്

സമിതി 2026-2027 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന VII, VIII എന്നീ നമ്പർ ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് വകുപ്പുകളിൽ നിന്ന് ലഭിച്ച കുറിപ്പുകൾ പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകൾ/ നിർദേശങ്ങൾ നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

ധനാഭ്യർത്ഥന നമ്പർ VII – മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

2030-03-001-96 - ജില്ലാ ഓഫീസുകൾ

21-3 - മോട്ടോർ വാഹനങ്ങൾ - ഇൻഷുറൻസ്

രജിസ്ട്രേഷൻ വകുപ്പിൽ 2025-26 സാമ്പത്തിക വർഷത്തിൽ വാങ്ങാൻ ഉത്തരവായ 8 ഡീസൽ വാഹനങ്ങൾക്കും 4 ഇലക്ട്രിക്ക് വാഹനങ്ങൾക്കും ഇൻഷുറൻസ് എടുക്കുന്നതിനായി പ്രസ്തുത ശീർഷകത്തിൽ അധികമായി 4 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

45 - പി.ഒ.എൽ.

രജിസ്ട്രേഷൻ വകുപ്പിൽ പി.ഒ.എൽ ചെലവ് ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ **10** ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2030-03-001-95 – സബ് രജിസ്ട്രി ഓഫീസുകൾ

05-03 - ഓഫീസ് ചെലവുകൾ- ടെലിഫോൺ ചെലവ്

4 ഡി.ഐ.ജി.ഓഫീസുകൾ, **14** ജില്ലാ ഓഫീസുകൾ, **315** സബ് രജിസ്ട്രി ഓഫീസുകൾ എന്നിവയുടെ ടെലിഫോൺ ചെലവുകൾക്കായി മേൽ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ **2.50** ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ധനാഭ്യർത്ഥന നമ്പർ VIII- എക്സൈസ്

2039-00-001-99 - ഭരണവും നടത്തിപ്പും - മേൽനോട്ടം

01-4 - മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

എക്സൈസ് മേൽനോട്ട വിഭാഗ ഓഫീസുകളിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് പൂർണ്ണമായും നിർവഹിക്കുന്നതിന് അനുവദിച്ച തുക പര്യാപ്ത മല്ലാത്തതിനാൽ ടി ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

04-4 - യാത്രാ ചെലവുകൾ - അവധി യാത്രാനുകൂല്യം

എക്സൈസ് മേൽനോട്ട വിഭാഗ ഓഫീസുകളിലെ ജീവനക്കാരുടെ അവധി യാത്രാനുകൂല്യം പൂർണ്ണമായും നിർവ്വഹിക്കുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

05-2 - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

എക്സൈസ് മേൽനോട്ട വിഭാഗ ഓഫീസുകളിലെ വൈദ്യുതി ചാർജ്ജ് പൂർണ്ണമായും നിർവ്വഹിക്കുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 35 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

06 - വാടക, കരം, നികുതി

എക്സൈസ് മേൽനോട്ട വിഭാഗ ഓഫീസുകളിലെ വാടക –കരം - നികുതി ചെലവുകൾ, മുൻ കുടിശ്ശിക എന്നിവ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് അനുവദിച്ച തുക പര്യാപ്ത മല്ലാത്തതിനാൽ ടി ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

15 - രഹസ്യ സേവന ചെലവുകൾ

എക്സൈസ് മേൽനോട്ട വിഭാഗ ഓഫീസുകളിലെ രഹസ്യ സേവന ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് അനുവദിച്ച തുക അപര്യാപതമായതിനാൽ ടി ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-2 - മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

എക്സൈസ് മേൽനോട്ട വിഭാഗ ഓഫീസുകളിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികളുടെ

ചെലവുകൾക്കായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ അധികമായി 30 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-3 - മോട്ടോർ വാഹനങ്ങൾ - ഇൻഷ്വറൻസ്

എക്സൈസ് ഓഫീസിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് ചെലവിലേക്ക് അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

34-3 - മറ്റു ചെലവുകൾ - മറ്റിനം

സ്റ്റേറ്റ് എക്സൈസ് അക്കാദമിയിലെ ട്രെയിനിംഗ് ചെലവുകളും ഓഫീസ് സമുച്ചയങ്ങളുടെ ഉദ്ഘാടന ചെലവുകളും എക്സൈസ് സർക്കിൾ ഓഫീസുകളിലെ ഓഫീസ് ചെലവുകളും നിർവ്വഹിക്കുന്നതിന് മേൽ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ അധികമായി 25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

45 – പി.ഒ.എൽ.

എക്സൈസ് സർക്കിൾ ഓഫീസുകളിലെ പി.ഒ.എൽ. ചെലവിനത്തിൽ കുടിശ്ശികയായുള്ള തുക ഉൾപ്പെടെ നൽകുന്നതിലേയ്ക്കായി നിലവിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആകയാൽ ടി ശീർഷകത്തിൽ അധികമായി 1.50 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-98 – റേഞ്ച് ഓഫീസുകൾ

06 - വാടക, കരം, നികുതി

എക്സൈസ് റേഞ്ച് ഓഫീസുകളിലെ വാടക –കരം - നികുതി ഇനത്തിലുള്ള ചെലവുകൾ കുടിശ്ശികയടക്കം നൽകുന്നതിന് നിലവിൽ അനുവദിച്ചിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ അധികമായി 30 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-2 – മോട്ടോർ വാഹനങ്ങൾ – സംരക്ഷണവും അറ്റകുറ്റപ്പണികളും

എക്സൈസ് റേഞ്ച് ഓഫീസുകളിലെ മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് അനുവദിച്ച വിഹിതം പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത ശീർഷകത്തിൽ അധികമായി 30 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-3 – ഇൻഷ്വറൻസ്

എക്സൈസ് റേഞ്ച് ഓഫീസുകളിലെ വാഹനങ്ങൾക്ക് ഇൻഷ്വറൻസ് തുക ഒടുക്കുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി

ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

45 - പി.ഒ.എൽ.

എക്സൈസ് റേഞ്ച് ഓഫീസുകളിലെ പി.ഒ.എൽ. ഇനത്തിൽ കുടിശ്ശിക നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായി അനുവദിച്ച വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ അധികമായി 1.50 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-94 - എക്സൈസ് വകുപ്പിന്റെ നവീകരണം

34-3 - മറ്റു ചെലവുകൾ- മറ്റിനം

2026-27 സാമ്പത്തിക വർഷം എക്സൈസ് വകുപ്പിന്റെ നവീകരണത്തിന് അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ അധികമായി 70 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-86 - എക്സൈസ് - ക്രൈംബ്രാഞ്ച് വിഭാഗം

04-1 - യാത്രാ ചെലവുകൾ- യാത്രാ ബത്ത

സംസ്ഥാന വ്യാപകമായി അന്വേഷണ ചുമതലയുള്ള എക്സൈസ് ക്രൈംബ്രാഞ്ച് വിഭാഗത്തിലെ ജീവനക്കാർക്ക് ഡ്യൂട്ടിയുടെ ഭാഗമായി സംസ്ഥാനത്ത് ഉടനീളവും മറ്റ് സംസ്ഥാനങ്ങളിലും യാത്ര ചെയ്യേണ്ടതിനാലും മുൻ വർഷങ്ങളിലെ കുടിശ്ശിക നൽകാനുള്ളതിനാലും അനുവദിച്ച തുക പര്യാപ്തമല്ല. ആയതിനാൽ മേൽ ശീർഷകത്തിൽ അധികമായി 5 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21-2 - മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും

എക്സൈസ് ക്രൈംബ്രാഞ്ച് വിഭാഗത്തിലെ അന്വേഷണ ചുമതലയുള്ള ജീവനക്കാർക്ക് ഡ്യൂട്ടിയുടെ ഭാഗമായി സംസ്ഥാനത്ത് ഉടനീളവും മറ്റ് സംസ്ഥാനങ്ങളിലും യാത്രാ ചെയ്യേണ്ടതുണ്ട്. സമയബന്ധിതമായി വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കാൻ കഴിയാതെ വരുന്നത് കേസന്വേഷണത്തെ പ്രതികൂലമായി ബാധിക്കുന്നു. കൂടാതെ മുൻ വർഷങ്ങളിൽ ഈ ഇനത്തിലുള്ള കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിനായും അനുവദിച്ച തുക പര്യാപ്തമല്ല. ആയതിനാൽ മേൽ ശീർഷകത്തിൽ അധികമായി 2 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

45 - പി.ഒ.എൽ.

എക്സൈസ് ക്രൈംബ്രാഞ്ച് വിഭാഗത്തിന് ഇന്ധന ചെലവിനത്തിലെ കുടിശ്ശിക തുക

നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

(യോഗം ഉച്ചയ്ക്കുശേഷം 2.20-ന് പിരിഞ്ഞു.)

****

5) 19-02-2026-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2026 ഫെബ്രുവരി മാസം 19-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും ബഹു. ധനകാര്യ വകുപ്പുമന്ത്രിയുമായ ശ്രീ. കെ. എൻ. ബാലഗോപാലിന്റെ അധ്യക്ഷതയിൽ (ഓൺലൈൻ മുഖേന) യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. ഡി. കെ. മുരളി
2. ശ്രീ. ഇ. കെ. വിജയൻ

വീഡിയോ കോൺഫറൻസിങ് മുഖേന ഹാജരായ അംഗങ്ങൾ:

1. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
2. ശ്രീ. എൻ. ഷംസുദ്ദീൻ
3. ശ്രീ. കെ. വി. സുമേഷ്

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. എ. ജാഫർ ഖാൻ., ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ബീന ഒ. എം., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി

സമിതി, 2026-2027 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന V, VII, VIII, X, XI, XVI, XXVIII, XLIII, XLV, XLVI എന്നീ നമ്പർ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് (ശിപാർശ നം. 1 മുതൽ 60 വരെ) പരിഗണനയ്ക്കെടുക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(യോഗം രാവിലെ 11.15-ന് പിരിഞ്ഞു.)

* * * * * * * *

6) 23-02-2026-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2026 ഫെബ്രുവരി മാസം 23-ാം തീയതി തിങ്കളാഴ്ച സഭാ സമ്മേളനത്തിനുശേഷം രാവിലെ 10.45-ന് നിയമസഭാ സമുച്ചയത്തിലെ '3-സി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും ധനകാര്യ വകുപ്പുമന്ത്രിയുമായ ശ്രീ. കെ. എൻ. ബാലഗോപാലിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ, സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ഡോ. കെ. ടി. ജലീൽ
2. ശ്രീ. ഡി. കെ. മുരളി
3. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
4. ശ്രീ. എൻ. ഷംസുദ്ദീൻ
5. ശ്രീ. കെ. വി. സുമേഷ്

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. എ. ജാഫർ ഖാൻ., ജോയിന്റ് സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. കിഷോർ കുമാർ ജെ., അഡീഷണൽ എക്സൈസ് കമ്മീഷണർ(അഡ്മിനിസ്ട്രേഷൻ), എക്സൈസ് വകുപ്പ്
2. ശ്രീ. സി. കെ. അനിൽകുമാർ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (അബ്കാരി), എക്സൈസ് വകുപ്പ്
3. ശ്രീ. ഗിരീഷ് കുമാർ ജി., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീ. സുരേഷ് കുമാർ എസ്., അണ്ടർ സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീ. സുരേഷ് എ., ലാ ഓഫീസർ, എക്സൈസ് വകുപ്പ്

സമിതി, 'The Abkari (Amendment) Bill, 2026' പരിഗണനയ്ക്കെടുക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

ശ്രീ. എൻ. ഷംസുദ്ദീൻ, അംഗം ബില്ലിന്മേൽ വിയോജനക്കുറിപ്പ് നൽകി.

(യോഗം രാവിലെ 11.00 മണിക്ക് പിരിഞ്ഞു.)

****